2023
JUNE
08
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES




## ഉൽപാദനം കുറയ്ക്കാൻ ഒപെക്പ്ലസ്; വില കൂടിത്തുടങ്ങി

**അബുദാബി/റിയാദ്:** ലോക വിപണിയിൽ എണ്ണ ലഭ്യത കുറച്ചു വില ഉയർത്താൻ ഉൽപാദക രാഷ്ട്രങ്ങൾ (ഒപെക് പ്ലസ്) തീരുമാനിച്ചു. പ്രതിദിന ഉൽപാദനത്തിൽ 10 ലക്ഷം ബാരൽ കുറവു വരുത്തുമെന്നു പ്രഖ്യാപിച്ചു സൗദിയാണ് നീക്കത്തിനു തുടക്കമിട്ടത്. ഒരു മാസത്തേക്കാണ് തീരുമാനമെങ്കിലും നീട്ടാനാണു സാധ്യത. ഇന്ധന ഇതര വരുമാനം ലക്ഷ്യമിട്ടു വൻകിട വികസന പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുന്ന സൗദി, അതിനുള്ള ഭീമമായ പണം കണ്ടെത്താനാണ് വില കൂട്ടുന്നത്. റഷ്യ അടക്കമുള്ള എണ്ണ ഉൽപാദക രാജ്യങ്ങൾ സൗദിയുടെ തീരുമാനത്തെ അനുകൂലിച്ചിട്ടുണ്ട്. 2024 ഡിസംബർ വരെ ഉൽപാദനം കുറയ്ക്കാനും തീരുമാനിച്ചു. പ്രതിദിന ഇന്ധന ഉൽപാദനത്തിൽ 1.44 ലക്ഷം ബാരൽ കുറയ്ക്കാനുള്ള തീരുമാനം അടുത്ത വർഷം ഡിസംബർ വരെ തുടരുമെന്ന് യുഎഇയും പ്രഖ്യാപിച്ചു.

പുതിയ പ്രഖ്യാപനത്തോടെ ലോകത്തു പ്രതിദിന എണ്ണ ഉൽപാദനം 4.04 കോടി ബാരലായി കുറയും. സൗദിയുടെ തീരുമാനം അടുത്ത മാസം 1 മുതലാണ് പ്രാബല്യത്തിൽ വരിക. ബാരലിനു 72.63 ഡോളറായിരുന്ന വില പ്രഖ്യാപനത്തിനു പിന്നാലെ 76.99 ഡോളർ ആയി വർധിച്ചു. സൗദിയുടെ പ്രഖ്യാപിത നിയോം നഗര നിർമാണ പദ്ധതിയുടെ ചെലവിലേക്ക് പണം സ്വരൂപിക്കുന്നതിന് ഇന്ധന വില 80.90 ഡോളറായി വർധിക്കണമെന്നാണ് ഐഎംഎഫ് വിലയിരുത്തുന്നത്.

തീരുമാനം ഇന്ത്യയ്ക്കു വലിയ തിരിച്ചടി സൃഷ്ടിക്കും. ഇന്ത്യയുടെ റഷ്യയിൽ നിന്നുള്ള എണ്ണ വാങ്ങൽ റെക്കോർഡ് നിലവാരത്തിലാണ്.

# നേട്ടമുണ്ടാക്കി നിക്ഷേപകർ



**മുംബൈ.** വിപണിയിൽ നേട്ടമെടുപ്പു തുടർന്ന് ബിഎസ്ഇ സ്മോൾകാപ് സൂചിക. ജൂൺ 7ന് രാവിലത്തെ സെഷനിൽ വിപണിയിൽ 31,396.64 എന്ന പുതിയ റെക്കോർഡ് നേട്ടത്തിൽ സൂചിക വ്യാപാരം നടത്തി. റെയിൽവേ, ഓട്ടോ സൂചികകൾ സെക്ടറിൽ നേട്ടമുണ്ടാക്കിയത് ഗുണം ചെയ്തു. 2022 ജനുവരിയിലെ റെക്കോർഡാണ് ഇതോടെ മറികടന്നത്. നിഫ്റ്റി സ്മോൾകാപ് സൂചിക 10,550.55 എന്ന 52 ആഴ്ചയിലെ ഉയർന്ന നിരക്കിലാണ് നിലവിൽ വ്യാപാരം നടത്തുന്നത്.

കഴിഞ്ഞ ഒരു മാസത്തിനിടെ സെൻസെക്!സ് 1.9 ശതമാനം ഉയർന്നപ്പോൾ ബിഎസ്ഇ സ്മോൾകാപ് സൂചിക 6.6% നേട്ടമുണ്ടാക്കി. ഇതേ സമയം മിഡ്കാപ് ഇൻഡെക്!സിൽ 5.9% വർധനവാണ് ഉണ്ടായത്. ബിഎസ്ഇ സ്മോൾകാപിലെ 53 സ്റ്റോക്കുകളിൽ ഭൂരിഭാഗം ഓഹരികളും നേട്ടത്തിലാണ്. ഒറിയോൺ പ്രോ സൊല്യൂഷൻസ്, ഭാരത് ഡൈനാമിക്!സ്, സഫാരി ഇൻഡസ്ട്രീസ്, ഫ്യൂഷൻ മൈക്രോ ഫിനാൻസ് ഓഹരികളെല്ലാം നേട്ടത്തിൽ വ്യാപാരം തുടരുന്നു. റെയിൽവേ സ്റ്റോക്കുകളിൽ റെയിൽ വികാസ് നിഗം. ഇർകോൺ ഇന്റർനാഷനൽ, റെയിൽടെൽ ഓഹരികൾ മുന്നേറ്റം നടത്തുന്നുണ്ട്.

നിഫ്റ്റി സ്മോൾകാപ് 100ലെ ഭൂരിഭാഗം ഓഹരികളും നേട്ടത്തിലാണ്. സ്ട്രൈഡ്സ് ഫാർമ 10 ശതമാനത്തിലധികം ഉയർന്ന് 398.9 രൂപയിലാണ് വ്യാപാരം നടത്തുന്നത്. രണ്ടാമതായി റെയിൽ വികാസ് 7.8% ഉയർന്ന് 129.2 രൂപയിലെത്തി. എൻജിനീയറിങ് മേഖലയിലെ സ്മോൾകാപ് കമ്പനികളാണ് കൂടുതൽ നേട്ടമെടുപ്പു തുടരുന്നത്. രാവിലത്തെ വ്യാപാരത്തിൽ മുപ്പതിലധികം നിഫ്റ്റി സ്മോൾകാപ് ഓഹരികൾ 2 ശതമാനത്തിനു മുകളിൽ വിപണിയിൽ നേട്ടമുണ്ടാക്കി.

## അമേരിക്കൻ ക്ലബ് ഇന്റർ മയാമിയുമായി കരാറിലെത്തി ലയണൽ മെസ്സി

**ന്യൂയോർക്ക്:** ഫ്രഞ്ച് ക്ലബ് പിഎസ്ജി വിട്ട അർജന്റീന സൂപ്പർ താരം ലയണൽ മെസ്സി ഇന്റർ മയാമിയിൽ. അമേരിക്കൻ ക്ലബായ ഇന്റർ മയാമിയുമായി മെസ്സി കരാറിലെത്തി. ഇതു സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം ഉടൻ ഉണ്ടാകും. യൂറോപ്പിനു പുറത്തുള്ള ക്ലബുമായി മെസ്സി കരാറിലെത്തുന്നത് ഇതാദ്യമാണ്. സൂപ്പർ താരം ഡേവിഡ് ബെക്കാമിന്റെ ഉടമസ്ഥതയിലുള്ള ക്ലബാണ് ഇന്റർ മയാമി.

പിഎസ്ജിയിൽനിന്നു പടിയിറങ്ങിയതിനു പിന്നാലെ മെസ്സി സൗദി അറേബ്യൻ ക്ലബ് അൽ ഹിലാ!ൽ, പഴയ തട്ടകമായ ബാർസിലോന തുടങ്ങിയവയിലേക്ക് പോകുമെന്ന് അഭ്യൂഹങ്ങളുണ്ടായിരുന്നു. ഇന്റർ മയാമിയുമായി കരാറിലെത്തിയതോടെ ഈ ചർച്ചകൾക്കും വിരാമമായി. സൗദി അറേബ്യൻ ക്ലബ്ബായ അൽ ഹിലാൽ ഏകദേശം 3270 കോടി രൂപയാണ് മെസ്സിക്കായി വാഗ്ദാനം ചെയ്തത്.

35 വയസ്സുകാരനായ മെസ്സി, 2021ലാണ് ബാർസിലോനയിൽനിന്നു പിഎസ്ജിയിലെത്തിയത്.

## അമിത വിമാനനിരക്ക്: നടപടി വേണമെന്ന് കമ്പനികൾക്കു നിർദേശം

**ന്യൂഡൽഹി:** അമിത ടിക്കറ്റ് നിരക്ക് നിയന്ത്രിക്കുന്നതിനു നടപടി സ്വീകരിക്കാൻ വിമാന കമ്പനികൾക്കു കേന്ദ്ര വ്യോമയാന മന്ത്രി ജ്യോതിരാദിത്യ സിന്ധ്യയുടെ നിർദേശം. നടപടികൾ വ്യോമയാന ഡയറക്ടറേറ്റ് ജനറൽ (ഡിജിസിഎ) നിരീക്ഷിക്കും.

നിരക്ക് ഗണ്യമായി ഉയരുന്നുണ്ടെന്നും അതു നിരീക്ഷിക്കണമെന്നും സിന്ധ്യ നിർദേശിച്ചു. ഗോ ഫസ്റ്റ് സർവീസ് നിർത്തിയതോടെ, മറ്റു കമ്പനികൾ ഈ റൂട്ടുകളിൽ നിരക്ക് കുത്തനെ കൂട്ടിയെന്ന ആക്ഷേപം ശക്തമാണ്.

ശ്രീനഗർ, ലേ, ഗോവ, ബാഗ്ദോഗ്ര, അഹമ്മദാബാദ്, പുണെ റൂട്ടുകളിലാണ് സമീപകാലത്ത് നിരക്ക് ഗണ്യമായി ഉയർന്നത്.






# ഗുരുതര ഹൃദയവൈകല്യത്തിനുള്ള ശസ്ത്രക്രിയ എസ്.എ.ടിയിൽ വിജയം

**തിരുവനന്തപുരം:** ഏഴുകിലോ തൂക്കവും ജന്മനാ ഹൃദയ വൈകല്യവുമുള്ള (സയനോട്ടിക് ഹാർട്ട് ഡിസീസ്) ഒന്നേകാൽ വയസുള്ള കുഞ്ഞിന് ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ എസ്.എ.ടി. ആശുപത്രിയിൽ വിജയകരമായി പൂർത്തീകരിച്ചു.എസ്.എ.ടി ആശുപത്രിയിൽ ആദ്യമായാണ് സയനോട്ടിക് ഹൃദയ വൈകല്യത്തിനുള്ള ശാസ്ത്രക്രിയ നടത്തുന്നത്.ജന്മനായുള്ള ഗുരുതര ഹൃദയ വൈകല്യത്തിനുള്ള ശസ്ത്രക്രിയ എസ്.എ.ടി ആശുപത്രിയിൽ യാഥാർത്ഥ്യമാക്കിയ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യമന്ത്രി വീണാജോർജ് ആശുപത്രിയിലെത്തി അഭിനന്ദിച്ചു.

മന്ത്രി കുഞ്ഞിനെ സന്ദർശിക്കുകയും മാതാപിതാക്കളുമായി സംസാരിക്കുകയും ചെയ്തു.കൊല്ലം ഉറിയാക്കോവിൽ സ്വദേശിയായ രാഹുലിന്റേയും അശ്വതിയുടേയും ഇരട്ട മക്കളിൽ ഒരാളായ കുഞ്ഞിനാണ് ശസ്ത്രക്രിയ നടത്തിയത്.ഗർഭാവസ്ഥയിൽ തന്നെ ഹൃദയ വൈകല്യം ഫീറ്റൽ എക്കോയുടെ സഹായത്തോടെ കണ്ടുപിടിക്കുകയും തുടർന്ന് പ്രസവാനന്തരം എസ്.എ.ടി. ആശുപത്രിയിൽ കുഞ്ഞിന് തുടർചികിത്സ നടത്തി വരികയുമായിരുന്നു.കുഞ്ഞ് പൂർണമായി സുഖം പ്രാപിച്ചു വരികയാണ്.ഹൃദയം നിറുത്തിവച്ചുള്ള അതിസങ്കീർണമായ ശസ്ത്രക്രിയക്ക് നേതൃത്വം നൽകിയത് കാർഡിയോതൊറാസിക് സർജറി വിഭാഗം പ്രൊഫസർ ഡോ.വിനു, ഡോ.നിവിൻ, ഡോ.സുരേഷ്, അനസ്തേഷ്യ വിഭാഗത്തിലെ ഡോ.അരുൺ, ഡോ.ഡിങ്കിൾ എന്നിവരാണ്.സർക്കാരിന്റെ കീഴിൽ എസ്.എ.ടി ആശുപത്രിയിലാണ് കുട്ടികൾക്ക് മാത്രമായുള്ള ഹൃദയ ശസ്ത്രക്രിയ തീയറ്ററും കാത്ത്‌ലാബും ഉള്ളത്.കാത്ത്‌ലാബിലൂടെ ഇതിനോടകം 450ൽ പരം കീഹോൾ ശസ്ത്രക്രിയകൾ പൂർത്തീകരിച്ചിട്ടുണ്ട്.



# പോള വളർന്നു ബോട്ട് സർവീസ് നിലച്ചു

**കുമരകം :** പോള തിങ്ങി നിറഞ്ഞതോടെ, കോടിമത ബോട്ട് ജെട്ടിയിൽ നിന്നുള്ള ബോട്ട് സർവീസും താത്ക്കാലികമായി നിലച്ചു. പ്രൊപ്പല്ലറിൽ പോള കുരുങ്ങി ബോട്ടുകൾക്ക് തകരാറും തുടർക്കഥയായിരുന്നു. വെള്ളത്തിന് കറുത്ത നിറവും ദുഗന്ധവും വമിക്കുന്നതിനാൽപ്രദേശവാസികൾക്ക് ഉപയോഗിക്കാനാകുന്നില്ല.
കായലാണോ അതോ പച്ച വിരിച്ച മൈതാനമോ? ആര് കണ്ടാലും ഒന്ന് ശങ്കിച്ചുപോകും. കാരണം അത്രത്തോളം പോള പുതച്ച് കിടക്കുകയാണ് കൊടൂരാറും, വേമ്പനാട്ടുകായലും. ഒപ്പം പടിഞ്ഞാറൻ നിവാസികൾക്കാകെ ദുരിതവും. എന്തിന് കുമരകത്തെ ചെറുതോടുകളിൽ പോലും പോള തിങ്ങി നിറഞ്ഞു. വള്ളങ്ങളിലും ബോട്ടുകളിലുമുള്ള യാത്ര അസാദ്ധ്യമായി. തണ്ണീർമുക്കം ബണ്ട് തുറന്നിട്ടും ഒഴുക്ക് ശക്തമാകാത്തതാണ് പോള നീങ്ങാതെ കിടക്കുന്നതിന് ഇടയാക്കിയത്. പുഞ്ചക്കൃഷി നടന്നു വരുന്ന പാടശേഖരങ്ങളിൽ നിന്ന് രാസവള അവശിഷ്ടങ്ങളടങ്ങിയ വെള്ളം പുറന്തള്ളി തോടുകളിലും കായലിലും നിറഞ്ഞതോടെയാണ് തോടുകളിൽ അവിടവിടെയായി കിടന്നിരുന്ന പോള പെട്ടെന്ന് വളർന്ന് തിങ്ങിയത്.

പച്ചപിടിച്ചു വരുന്ന കായൽ ടൂറിസത്തെയും പോളശല്യം ബാധിക്കും. പോള വാരലിന് നിരവധി പദ്ധതി പ്രഖ്യാപിക്കുമ്പോഴും പോളവാരൽ യന്ത്രങ്ങളടക്കം നാശത്തിന്റെ വക്കിലാണ്. കോടിമതയിൽ പോള സംസ്കരിച്ച് വളമാക്കി മാറ്റുന്നതിനുള്ള യന്ത്രങ്ങളും യൂണിറ്റും കാടുപിടിച്ച നിലയിലാണ്.

പ്ലാസ്റ്റിക് മാലിന്യങ്ങളും തിങ്ങി കിടക്കുകയാണ്.ജീവിതമാർഗം അടഞ്ഞുകായലിനെ ആശ്രയിച്ച് ഉപജീവനം കണ്ടെത്തുന്ന മത്സ്യത്തൊഴിലാളികൾ, കക്ക,മണ്ണ് വാരൽ തുടങ്ങിയ തൊഴിലാളികളുടെ ജീവിതമാർഗമാണ് ഇതോടെ അടഞ്ഞത്. മത്സ്യ,കക്ക തൊഴിലാളികൾക്ക് ചെറുവള്ളങ്ങളിൽ കായലിലെത്തി പണിയെടുക്കുന്നതിന് കഴിയാത്ത സ്ഥിതിയുണ്ട്. മത്സ്യതൊഴിലാളികളുടെ വലകളിൽ പോളയും പായലും പല്ലും കുടുങ്ങി വലകൾക്ക് കാര്യമായ കേടുപാടുകൾ സംഭവിക്കുന്നു. ഊന്നിവല കെട്ടാനായി കായലിന് കുറുകെ നാട്ടിയിരിക്കുന്ന നീളമേറിയ അടക്കാമരങ്ങൾ പോളയും പായലും പുല്ലും അടിഞ്ഞ് ഒടിഞ്ഞുനശിക്കുകയാണ്. വൻ തുക വിനിയോഗിച്ചാണ് കായലിൽ ഊന്നിക്കുറ്റികൾ സ്ഥാപിച്ചത്. ഇതും നാശത്തിലാണ്.ബോട്ട് സർവീസും നിലച്ചു

# 220 കെവി, 110 കെവി ലൈനുകൾ ഒരേ ടവറിൽ; ഇന്ത്യയിലെ ആദ്യ മൾട്ടി സർക്യൂട്ട് ലൈൻ സബ്സ്റ്റേഷൻ പത്തനംതിട്ടയിൽ

**പത്തനംതിട്ട:** ഒരു ടവറിൽ ഒരേസമയം 220 കെവി, 110 കെവി ഹൈടെൻഷൻ ലൈനുകളിലൂടെ വൈദ്യുതി വിതരണം നടത്തുന്ന ഇന്ത്യയിലെ ആദ്യ മൾട്ടി സർക്യൂട്ട് / വോൾട്ടേജ് ലൈൻ സബ് സ്റ്റേഷൻ ജില്ലയിൽ നിർമിക്കുന്നു.

ഡിസംബറിൽ പണി പൂർത്തിയായേക്കും.ട്രാൻസ്ഗ്രിഡിന്റെ ശബരി പാക്കേജിൽ ഉൾപ്പെടുത്തി 244 കോടി രൂപ ചെലവിൽ പത്തനംതിട്ട, സീതത്തോട് എന്നിവിടങ്ങളിലാണു പുതിയ സബ് സ്റ്റേഷനുകളുടെ പണി നടക്കുന്നത്. കൊല്ലം ജില്ലയുടെ അതിർത്തിയായ പാടത്തു നിന്നാണ് 220 കെവി ലൈൻ വലിക്കുന്നത്. 57 കിലോമീറ്റർ ദൂരത്തിൽ പുതിയ 220 കെവി, 110 കെവി ലൈൻ വലിക്കും.

മൊത്തം 198 ടവറുകൾ ഉണ്ട്. അതിൽ 129 ടവറിന്റെ പണി തീർന്നു. ടവറിന് 45 മുതൽ 55 മീറ്റർ വരെ ഉയരമുണ്ട്. ഇതിന്റെ ഒരുവശത്ത് 220 കെവി ലൈനും എതിർ



വശത്ത് 110 കെവി ലൈനുമാണ്.

പാടത്തു നിന്നു കൂടൽ, കോന്നി സബ് സ്റ്റേഷനുകളെ ബന്ധിപ്പിച്ചാണു ടവർ ലൈൻ പത്തനംതിട്ട എത്തുക. ഇവിടെനിന്ന് അടൂർ സബ് സ്റ്റേഷൻ വഴി ഇടപ്പോണിൽ എത്തും. നിലവിലുള്ള 110 കെവി ടവർ ലൈനിലൂടെയാണ് പുതിയ 220 കെവിയും വലിക്കുന്നത്.

ഇതിനായി നിലവിലുള്ള ടവർ മാറ്റി ഉയരം കൂടിയ പുതിയ ടവർ സ്ഥാപിക്കുന്നുണ്ട്. 7 ജലവൈദ്യുതി പദ്ധതികൾ ഉള്ള നാടാണെങ്കിലും ഇവിടെ വൈദ്യുതി പ്രതിസന്ധി രൂക്ഷമാണ്. സംസ്ഥാനത്തെ രണ്ടാമത്തെ വലിയ വൈദ്യുത പദ്ധതിയാണു ശബരിഗിരി. ഇവിടെ മൂഴിയാർ പവർ ഹൗസിൽ ഉൽപാദിപ്പിക്കുന്ന വൈദ്യുതി ഇടമൺ, പള്ളം എന്നീ 220 കെവി സബ് സ്റ്റേഷനുകളിലാണു നേരിട്ട് എത്തുന്നത്.

അത് 110 കെവിയായി കുറച്ചാണ് ഇപ്പോൾ പത്തനംതിട്ട സബ് സ്റ്റേഷനിൽ എത്തുന്നത്. അതിനാൽ പ്രസരണ നഷ്ടം കൂടുതലാണ്. ഇടമൺ 220 കെവി ലൈനിൽ പാടത്തു നിന്നു നേരിട്ട് വൈദ്യുതി പത്തനംതിട്ടയിൽ എത്തും. ഇതോടെ പ്രസരണ നഷ്ടം കുറയ്ക്കാൻ കഴിയും. ജീവനക്കാർ ഇല്ലാതെ പൂർണമായും ഓട്ടമാറ്റിക്കായി പ്രവർത്തിക്കുന്ന സബ് സ്റ്റേഷനാണിത്. ഇതിനുള്ള ബഹുനില കെട്ടിടത്തിന്റെ പണിയും നടക്കുന്നു. ഇവിടെ ഒരു ട്രാൻസ്ഫോമർ മാത്രമേ പുറത്തു കാണു.ബാക്കി എല്ലാ ഉപകരണങ്ങളും കെട്ടിടത്തിനുള്ളിൽ ആയിരിക്കും.

# ചിക്കൻ വില കൂട്ടുന്നു

**പാലക്കാട് :** കോഴിയിറച്ചിയുടെ വില നിയന്ത്രണമില്ലാതെ വർധിക്കുമ്പോഴും ഇറച്ചിക്കോഴി 87 രൂപയ്ക്ക് എന്നു മോഹിപ്പിച്ച കേരള ചിക്കൻ പദ്ധതി ലക്ഷ്യം തൊടുന്നില്ല. കഴിഞ്ഞ മാസം കിലോഗ്രാമിന്120 രൂപയായിരുന്ന കോഴിക്ക് ഇന്നലെ 140, 165 രൂപ യാണു വില. കേരള ചിക്കന് ഇന്നലെ 146 രൂപ.

12 ലക്ഷത്തോളം കിലോഗ്രാം ചിക്കൻ വിൽക്കുന്ന സംസ്ഥാനത്ത്, കേരള ചിക്കൻ നോഡൽ ഏജൻ!സിയായ കുടുംബശ്രീ വഴി 3500 കിലോഗ്രാമും കേരള സ്റ്റേറ്റ് പൗൾട്രി ഡവലപ്മെന്റ് കോർപറേഷൻ (കെപ്കോ) വഴി 2,000 കിലോഗ്രാമും വിൽക്കുന്നുണ്ട്. കോഴിക്കുഞ്ഞു മുതൽ തീറ്റ വരെ എല്ലാറ്റിനും സ്വകാര്യസ്ഥാപനങ്ങളെ ആശ്രയിക്കുമ്പോഴാണ് വിലനിയന്ത്രണം പാളുന്നത്.

കുടുംബശ്രീ യൂണിറ്റുകൾക്കു കുഞ്ഞുങ്ങളെയും മികച്ച വളർത്തുകൂലിയും നൽകി തിരിച്ചെടുത്തു പൊതുവിപണിയെക്കാൾ കുറഞ്ഞ വിലയ്ക്ക് ഇറച്ചിക്കോഴി വിൽക്കുകയാണു കേരള ചിക്കൻ പദ്ധതിയുടെ ലക്ഷ്യം. കുടുംബശ്രീ, കെപ്കോ, ബ്രഹ്മഗിരി മാംസ സംസ്കരണ ഫാക്ടറി, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എന്നിവരായിരുന്നു നോഡൽ ഏജൻസികൾ. ഇതിൽ ബ്രഹ്മഗിരി വിപണന രംഗത്തുനിന്നു മാറി.

സ്വന്തം ബ്രീഡർ ഫാമും ഹാച്ചറിയും ബ്രോയ്ലർ ഫാമും സ്ഥാപിക്കാനായിരുന്നു തീരുമാനമെങ്കിലും അതൊന്നും നടന്നില്ല. തമിഴ്നാട്ടിൽ നിന്നു കുഞ്ഞുങ്ങളും തീറ്റയും വാക്സീനും വരുത്തി കർഷകർക്കു നൽകിയാണു പദ്ധതി നടപ്പാക്കുന്നത്. അതുകൊണ്ടു തന്നെ നിയന്ത്രണം പരോക്ഷമായി സ്വകാര്യ മേഖലയുടെ കൈകളിലാണ്. കുടുംബശ്രീ യൂണിറ്റുകൾക്കു മികച്ച വരുമാനം ലഭിക്കുന്നുണ്ടെങ്കിലും വിപണി പ്രശ്നമായി. തിരുവനന്തപുരം ന്മ ബ്രോയ്ലർ കോഓർഡിനേഷൻ കമ്മിറ്റിയാണ് തമിഴ്നാട്ടിൽ കോഴി വളർത്തൽ മുതൽ ചിക്കൻ വില നിർണയം വരെ നിയന്ത്രിക്കുന്നത്.



# കുട്ടികളിലെ തലവേദന ശ്രദ്ധിക്കണം



ഡോ. ഡേവിഡ്സൺ ദേവസ്യ പീഡിയാട്രിക് ന്യൂറോളജി കൺസൾട്ടന്റ് ആസ്റ്റർ മെഡ്സിറ്റി, കൊച്ചി

ജീവിതത്തിൽ ഒരിക്കലെങ്കിലും തലവേദന അനുഭവിക്കാത്തവർ നമുക്കിടയിൽ അപൂർവ്വമായിരിക്കും. മുതിർന്നവരെ സംബന്ധിച്ച് അവ തിരിച്ചറിയാനും പ്രതിവിധി കണ്ടെത്താനും താരതമ്യേന എളുപ്പമാണ്. എന്നാൽ ചെറിയ കുട്ടികളെ സംബന്ധിച്ച് അവർ നേരിടുന്ന ബുദ്ധിമുട്ട് തലവേദനയാണെന്ന് മനസ്സിലാക്കാനും, അത് രക്ഷിതാക്കളോട് പറയാനും സാധിക്കണം എന്നില്ല. കുട്ടികൾ തലവേദന എന്ന് പറയുമ്പോൾ പലപ്പോഴും രക്ഷിതാക്കൾ അത് സമ്മതിച്ചു കൊടുക്കാറുമില്ല. വളരെ ചെറിയ പ്രായത്തിലൊന്നും തലവേദന വരില്ല എന്നാണ് പല മാതാപിതാക്കളും ചിന്തിക്കാറുള്ളത്. എന്നാൽ അത് വലിയ തെറ്റിദ്ധാരണയാണ്.

തലവേദന വരാനുള്ള വിവിധ കാരണങ്ങൾ

■ തലയിലെ മുടി ഉൾപ്പെടുന്ന തൊലിയിൽ എന്തെങ്കിലും പരുക്കൾ ഉണ്ടെങ്കിൽ തലവേദന വരാം.

■ തലയോട്ടിയുടെ മുകളിൽ മുഴ രൂപപ്പെടുകയോ, അവിടുത്തെ ഏതെങ്കിലും എല്ല് ക്രമാതീതമായി വളരുകയും ചെയ്യുന്നതും ഒരു കാരണമാണ്.

■ തലച്ചോറിന്റെ അകത്ത് ട്യൂമർ രൂപപ്പെടുന്ന സാഹചര്യത്തിൽ തലവേദന അനുഭവപ്പെടാം.

■ നീർക്കെട്ട്, വാദസംബന്ധമായ അസുഖങ്ങൾ, സൈനസൈറ്റിസ്.

■ കണ്ണിന്റെ പ്രശ്നങ്ങൾ, പവർ വ്യത്യാസങ്ങൾ

■ ചിലരിൽ തൊണ്ടവേദന തലയുടെ പിൻഭാഗത്ത് വേദന അനുഭവപ്പെടാൻ കാരണമാകാറുണ്ട്.

■ വായ തുറക്കാനും അടയ്ക്കാനും സഹായിക്കുന്ന ജോയിന്റിലെ എല്ലിനുണ്ടാകുന്ന തകരാറുകളും തലവേദനയ്ക്കുള്ള ഒരു കാരണമാണ്.

**കുട്ടികളിൽ ഏത് പ്രായം മുതൽ തലവേദന വരാം?**

കുഞ്ഞുങ്ങളെ സംബന്ധിച്ച് അവർക്ക് തലവേദനയാണെന്ന് തിരിച്ചറിയാൻ കഴിഞ്ഞു എന്നു വരില്ല. പ്രത്യേകിച്ച് നാല് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക്. അതു കണ്ടെത്തുക എന്നുള്ളതാണ് പ്രധാനം. രക്ഷിതാക്കളുടെ സഹായത്തോടെ മാത്രമേ കുട്ടി നേരിടുന്ന ബുദ്ധിമുട്ട് തലവേദന ആണോയെന്ന നിഗമനത്തിൽ എത്താൻ സാധിക്കൂ.

**തലവേദനയും ശാരീരികാസ്വാസ്ഥ്യങ്ങളും**

തലവേദന നേരിട്ട് മറ്റു ശാരീരിക പ്രശ്നങ്ങൾ, അഥവാ രോഗങ്ങൾക്ക് കാരണം ആകാറില്ല. എന്നാൽ തലവേദന മറ്റുപല രോഗങ്ങളുടെയും ലക്ഷണങ്ങൾ ആകാം. അസഹനീയമായ തലവേദന കുട്ടികളുടെ ദൈനം ദിന ജീവിതത്തിൽ പലതരം ബുദ്ധിമുട്ടുകൾ സൃഷ്ടിക്കും.

വലിയ തോതിൽ വേദന അനുഭവിക്കുന്നത് അവരുടെ ഉറക്കത്തെ ബാധിക്കും. ഇടയ്ക്കിടക്ക് ഉറക്കത്തിൽ നിന്ന് എണീറ്റേക്കാം. ശക്തമായ ഛർദ്ദി, നോക്കുമ്പോൾ രണ്ടായി കാണുന്നതായി തോന്നുക, കാഴ്ച മങ്ങുക, നടത്തത്തിന്റെ സന്തുലിതാവസ്ഥ തെറ്റി ചെറിയ ആട്ടം അനുഭവപ്പെടുക തുടങ്ങി ശ്രദ്ധിക്കേണ്ട നിരവധി കാര്യങ്ങളുണ്ട്. ചില കുട്ടികൾക്ക്



തലവേദനയ്ക്കൊപ്പം കണ്ണിൽ നിന്ന് വെള്ളം വരുന്നതായി കാണാം. ചിലർക്ക് കണ്ണ് ചുവന്നു വരും.

അതിനെല്ലാം അപ്പുറം തുടർച്ചയായതും അസഹനീയവുമായ തലവേദന അവരുടെ ആത്മവിശ്വാസത്തെ ബാധിക്കും. വെയിലത്ത് കളിക്കുന്നതും, ഉല്ലാസ യാത്രകൾ പരിമിതപ്പെടുത്തേണ്ടി വരുന്നതുമെല്ലാം ചില ഉദാഹരങ്ങളാണ്. അതുപോലെ തന്നെ ക്ലാസിൽ നോട്സ് എഴുതി എടുക്കാനുള്ള ബുദ്ധിമുട്ട്, ബോർഡിലേക്ക് നോക്കാൻ പ്രയാസം തുടങ്ങിയ അസ്വസ്ഥതകളും തലവേദനയുടെ ഭാഗമായി വരാം.

**തലവേദന വരുമ്പോൾ ചെയ്യേണ്ട കാര്യങ്ങൾ**

തലവേദന അനുഭവപ്പെട്ടാൽ പാരസെറ്റമോൾ നൽകാം. കുട്ടികൾക്ക് തലവേദനയ്ക്ക് ഒപ്പം ജലദോഷവും ഉണ്ടെങ്കിൽ ചൂട് ആവി പിടിക്കാവുന്നതാണ്. തലവേദന അസഹനീയവും തുടര്ച്ചയായി വരികയും ചെയ്യുന്ന സാഹചര്യത്തിൽ ഡോക്ടറുടെ പിന്തുണ തേടാം.

**മൈഗ്രെയ്ൻ**

മുതിർന്നവരിൽ എന്ന പോലെ കുട്ടികളിലും സാധാരണയായി മൈഗ്രെയ്ൻ കണ്ടുവരാറുണ്ട്. മൈഗ്രെയ്ൻ സംബന്ധിച്ച് ഫാമിലി ഹിസ്റ്ററി ഒരു പ്രധാന ഘടകമാണ്. ഏറ്റവും അടുത്ത കുടുംബത്തിൽ ആർക്കെങ്കിലും മൈഗ്രെയ്ൻ ഉണ്ടെങ്കിൽ കുട്ടികളിലും വരാനുള്ള സാധ്യത കൂടുതലാണ്. ചെറിയ കുട്ടികൾ ഓടി കളിക്കുന്നതിന് ഇടയിൽ തലകറക്കം എന്ന് പറഞ്ഞു പെട്ടെന്ന് രക്ഷിതാക്കളെ വന്നു മുറുക്കെ പിടിക്കുന്നത് കാണാം. അത്തരം സാഹചര്യങ്ങളിൽ കുട്ടികളിൽ മൈഗ്രെയ്ൻ സാധ്യത തള്ളിക്കളയാൻ ആവില്ല. മൈഗ്രെയ്ന് പലതരം ലക്ഷണങ്ങൾ പ്രകടിപ്പിക്കാറുണ്ട്. വെയിലത്ത് നിൽക്കുമ്പോൾ, യാത്ര ചെയ്യുമ്പോൾ, ഉറക്കമുളക്കുമ്പോൾ, സമ്മർദ്ദം അനുഭവപ്പെടുമ്പോൾ, ജലദോഷം, സമയം തെറ്റിയുള്ള ഭക്ഷണം തുടങ്ങിയ സാഹചര്യങ്ങളിൽ തലവേദന അനുഭവപ്പെടുന്നത് മൈഗ്രെയ്ൻ മൂലമാകാം.

**ഏതെല്ലാം ഡോക്ടർമാരെ കാണണം**

കുട്ടികളിൽ തലവേദന രൂക്ഷമായാൽ പ്രധാനമായും മൂന്ന് വിഭാഗങ്ങളിലാണ് വൈദ്യസഹായം തേടേണ്ടത്. കണ്ണിന്റെ പ്രശ്നങ്ങളും, പവർ വ്യത്യാസങ്ങളും ഒക്കെ തന്നെ തലവേദനയെ സ്വാധീനിക്കാറുണ്ട് എന്നതിനാൽ കണ്ണിന്റെ ഡോക്ടർ അഥവാ ഒഫ്താൽമോളജിസ്റ്റ്റിനെ കാണിക്കേണ്ടതാണ്. അതോടൊപ്പം തന്നെ ന്യൂറോളജിസ്റ്റ്, ഇഎൻടി ഡോക്റ്റർമാരുടെയും അടുത്ത് നിന്ന് വൈദ്യ പിന്തുണ തേടാവുന്നതാണ്.

**ചികിത്സയേക്കാൾ വേണ്ടത് മുൻകരുതൽ**

അലോപ്പതിയിൽ പരിമിതമായ മരുന്നുകളാണ് മൈഗ്രെയ്ൻ ചികിത്സയ്ക്കായി ഉള്ളത്. മരുന്നുകളെക്കൾ ജീവിത ശൈലിയിൽ മാറ്റങ്ങൾ കൊണ്ടുവരികയാണ് ചെയ്യേണ്ടത്. അടിസ്ഥാനപരമായി മൈഗ്രെയ്നേ രോഗം എന്നു വിളിക്കുന്നതിനേക്കാൾ ഒരു അവസ്ഥ എന്ന് വിശേഷിപ്പിക്കുന്നതാണ് അഭികാമ്യം.

അതിന് പല സ്വഭാവ സവിശേഷതകൾ ഉണ്ട്.എഴുപത് ശതമാനം സമയത്തും സാഹചര്യങ്ങളുടെ സ്വാധീനം മൂലമോ, ജീവിത ശൈലിയിലെ അസന്തുലിതാവസ്ഥ കാരണമോ ആണ് മൈഗ്രെയ്ൻ തല പൊക്കാറുള്ളത്. അതുകൊണ്ട് തന്നെ എന്തെല്ലാം അവസരങ്ങളിലാണു നിങ്ങളുടെ കുട്ടികളിൽ തലവേദന അനുഭവപ്പെടുന്നത്, പ്രേരകശക്തിയാകുന്ന കാരണങ്ങൾ തുടങ്ങിയവ തിരിച്ചറിഞ്ഞ് രക്ഷിതാക്കൾ അത് കുറിച്ച് വയ്ക്കുന്നത് നന്നായിരിക്കും. അതിന് അനുസരിച്ചുള്ള പ്രതിരോധ മാർഗങ്ങൾ സ്വീകരിച്ചാൽ തന്നെ ഒരു വലിയ പരിധി വരെ നമുക്ക് കുട്ടികൾക്ക് ഉണ്ടാകുന്ന തലവേദനയെ നിയന്ത്രിക്കാം. വെയിൽ കൊള്ളുന്നതാണ് പ്രശ്നം എങ്കിൽ അത്തരം സാഹചര്യത്തിൽ കുട ഉപയോഗിക്കുക, കുട്ടികൾ കൃത്യ സമയത്ത് ഉറങ്ങുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക, നന്നായി വെള്ളം കുടിക്കുക, ഭക്ഷണം കഴിക്കുക തുടങ്ങിയ കാര്യങ്ങളിലൂടെ കുട്ടികളിലെ തലവേദനയെ ഒരു പരിധി വരെ അകറ്റി നിർത്താം.

## കൊങ്കൺ റെയിൽ മൺസൂൺ ടൈംടേബിളായി: പുതിയ സമയം 10 മുതൽ ഒക്ടോബർ 31 വരെ

**തിരുവനന്തപുരം:** കൊങ്കൺ റെയിൽവേ മൺസൂൺ ടൈംടേബിൾ പ്രഖ്യാപിച്ചു. ഈ മാസം 10 മുതൽ ഒക്ടോബർ 31 വരെയാണ് പുതിയ സമയക്രമം നിലവിലുണ്ടാകുക. വിശദവിവരങ്ങൾ റെയിൽവേയുടെ നാഷനൽ ട്രെയിൻ എൻക്വയറി സിസ്റ്റം മൊബൈൽ ആപ്ലിക്കേഷനിലോ വെബ്സൈറ്റിലോ (https://enquiry.indianrail.gov.in/ntes/) ലഭിക്കും. പ്രധാനപ്പെട്ട ട്രെയിനുകളും പുറപ്പെടുന്ന/എത്തിച്ചേരുന്ന പുതിയ സമയക്രമവും (ബ്രായ്ക്കറ്റിൽ നിലവിലെ സമയം):

■ എറണാകുളം ജംക്ഷൻ ഹസ്രത് നിസാമുദീൻ പ്രതിദിന മംഗള ലക്ഷദ്വീപ് എക്സ്പ്രസ് (12617) എറണാകുളത്തു നിന്ന് രാവിലെ 10.10 ന് പുറപ്പെടും (നിലവിൽ ഉച്ചയ്ക്ക് 1.25). ഈ ട്രെയിൻ തിരികെ (12618) രാവിലെ 10.25 ന് എറണാകുളത്ത് എത്തിച്ചേരും. (നിലവിൽ രാവിലെ 7.30)

■ തിരുവനന്തപുരം സെൻട്രൽ ഹസ്രത് നിസാമുദീൻ ട്രൈവീക്കിലി രാജധാനി എക്സ്പ്രസ് (12431) തിരുവനന്തപുരം സെൻട്രലിൽ നിന്ന് ഉച്ചയ്ക്ക് 2.40 ന് പുറപ്പെടും (നിലവിൽ രാത്രി 7.15 ന്). ഈ ട്രെയിൻ തിരികെ (12432) പുലർച്ചെ 1.50 ന് തിരുവനന്തപുരത്ത് എത്തിച്ചേരും (നിലവിൽ രാത്രി 11.35).

■ എറണാകുളം ജംക്ഷൻ പുണെ ജംക്ഷൻ ബൈവീക്കിലി എക്സ്പ്രസ് (22149) എറണാകുളം ജംക്ഷനിൽ നിന്ന് പുലർച്ചെ 2.15 ന് പുറപ്പെടും (നിലവിൽ രാവിലെ 5.15)

■ എറണാകുളം ജംക്ഷൻ ഹസ്രത് നിസാമുദീൻ പ്രതിവാര സൂപ്പർഫാസ്റ്റ് (22655) എറണാകുളം ജംക്ഷനിൽ നിന്ന് പുലർച്ചെ 2.15 ന് പുറപ്പെടും (നിലവിൽ രാവിലെ 5.15)

■ കൊച്ചുവേളി ചണ്ഡിഗഡ് ബൈവീക്കിലി സൂപ്പർഫാസ്റ്റ് (12217), കൊച്ചുവേളി അമൃത്സർ വീക്കിലി സൂപ്പർഫാസ്റ്റ് (12483) എന്നീ ട്രെയിനുകൾ കൊച്ചുവേളിയിൽ നിന്ന് പുലർച്ചെ 4.50 ന് പുറപ്പെടും (നിലവിൽ രാവിലെ 9.10).

■ കൊച്ചുവേളി ഇൻഡോർ വീക്കിലി സൂപ്പർഫാസ്റ്റ് (20931), കൊച്ചുവേളി പോർബന്തർ വീക്കിലി സൂപ്പർഫാസ്റ്റ് (20909) എന്നിവ രാവിലെ 9.10 ന് കൊച്ചുവേളിയിൽ നിന്നു പുറപ്പെടും (നിലവിൽ രാവിലെ 11.10)

■ എറണാകുളം ജംക്ഷൻ മഡ്ഗാവ് വീക്കിലി സൂപ്പർഫാസ്റ്റ് (10216) ഉച്ചയ്ക്ക് 1.25 ന് എറണാകുളത്തു നിന്നു പുറപ്പെടും (നിലവിൽ രാവിലെ 10.40)

■ മഡ്ഗാവ് എറണാകുളം ജംക്ഷൻ വീക്കിലി സൂപ്പർഫാസ്റ്റ് (10215) രാത്രി 9 ന് മഡ്ഗാവിൽ നിന്നു പുറപ്പെടും (നിലവിൽ രാത്രി 7.30)

■ മുംബൈ ലോകമാന്യ തിലക് ടെർമിനസ് തിരുവനന്തപുരം സെൻട്രൽ നേത്രാവതി എക്സ്പ്രസ് (16345) രാത്രി 7.35 ന് തിരുവനന്തപുരത്ത് എത്തും. (നിലവിൽ വൈകിട്ട് 6.05)

■ തിരുവനന്തപുരം സെൻട്രൽ ഹസ്രത് നിസാമുദീൻ വീക്കിലി എക്സ്പ്രസ് (22653) രാത്രി 10 ന് തിരുവനന്തപുരത്തു നിന്നു പുറപ്പെടും. (നിലവിൽ പുലർച്ചെ 12.50). ഈ ട്രെയിൻ തിരികെ (22654) രാവിലെ 6.50 ന് തിരുവനന്തപുരത്ത് എത്തും. (നിലവിൽ പുലർച്ചെ 4.45).

■ എറണാകുളം ജംക്ഷൻ അജ്മീർ വീക്കിലി മരുസാഗർ എക്സ്പ്രസ് (12977) വൈകിട്ട് 6.50 ന് എറണാകുളത്തു നിന്നു പുറപ്പെടും (നിലവിൽ രാത്രി 8.25). ഈ ട്രെയിൻ തിരികെ (12978) പുലർച്ചെ 5.45 ന് എറണാകുളത്ത് എത്തും (നിലവിൽ പുലർച്ചെ 4.20).

■ കൊച്ചുവേളി യോഗ് നഗരി റിഷികേശ് വീക്കിലി എക്സ്പ്രസ് (22659) പുലർച്ചെ 4.50 ന് പുറപ്പെടും. (നിലവിൽ 9.10). ഈ ട്രെയിൻ തിരികെ (22660) ഉച്ചയ്ക്കു 2.30 ന് കൊച്ചുവേളിയിലെത്തും (നിലവിൽ ഉച്ചയ്ക്കു 12.30)

■ കൊച്ചുവേളി മുംബൈ ലോകമാന്യ തിലക് ബൈവീക്കിലി ഗരീബ് രഥ് എക്സ്പ്രസ് (12202) രാവിലെ 7.45 ന് പുറപ്പെടും (നിലവിൽ രാവിലെ 9.10). ഈ ട്രെയിൻ തിരികെ (12201) രാത്രി 10.45 ന് കൊച്ചുവേളിയിലെത്തും (നിലവിൽ 8.25).

## ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളത്തിന് ഒന്നാം സ്ഥാനം

**തിരുവനന്തപുരം:** ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളത്തിന് ദേശീയ തലത്തിൽ ഒന്നാം സ്ഥാനം. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭക്ഷ്യ സുരക്ഷാ സൂചികയിലാണ് കേരളത്തിന് ഒന്നാം സ്ഥാനം ലഭിച്ചത്. ആദ്യമായാണ് ഭക്ഷ്യ സുരക്ഷയിൽ സംസ്ഥാനം ഒന്നാമതെത്തുന്നത്.

കേരളം ഭക്ഷ്യ സുരക്ഷയിൽ കൃത്യമായും ചിട്ടയായും നടത്തിയ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിതെന്ന് ആരോഗ്യ, ഭക്ഷ്യ സുരക്ഷാ മന്ത്രി വീണാ ജോർജ് പറഞ്ഞു. മുൻ വർഷത്തെ വരുമാനത്തെക്കാൾ 193 ശതമാനം അധികം റെക്കോഡ് വരുമാനമാണ് 202223 കാലയളവിൽ നേടിയത്. ഈ കാലയളവിൽ 28.94 കോടി രൂപയുടെ എക്കാലത്തെയും ഉയർന്ന റെക്കോർഡ് വരുമാനം നേടി. 15.41 കോടി രൂപ നേടി 201819ലായിരുന്നു ഇതുവരെയുള്ള ഏറ്റവും ഉയർന്ന വരുമാനം. അതിനെക്കാൾ ഇരട്ടിയോളം വർധനവാണുണ്ടായത്. ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തിയ ചിട്ടയായ പ്രവർത്തനങ്ങളിലൂടെയാണ് നേട്ടം കൈവരിക്കാനായതെന്നും മന്ത്രി വ്യക്തമാക്കി.



ലോക ഭക്ഷ്യസുരക്ഷാദിനാചരണത്തിന്റെ ഭാഗമായി കൊച്ചിൻ ആർട്സ് ആന്റ് സയൻസ് കോളജിലെ വിദ്യാർഥികൾ കൊച്ചി മറൈൻ ഡ്രൈവിൽ നടത്തിയ തെരുവ് നാടകം

## ലോക ഭക്ഷ്യസുരക്ഷാ ദിനാചരണം ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ച് കൊച്ചിൻ ആർട്സ് ആന്റ് സയൻസ് കോളജ്

**കൊച്ചി:**ലോക ഭക്ഷ്യസുരക്ഷാദിനാചരണത്തിന്റെ ഭാഗമായി കൊച്ചിൻ ആർട്സ് ആന്റ് സയൻസ് കോളജിലെ ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് ഡിപ്പാർട്ട്മെന്റ്,കോളജ് എൻ.എസ്.എസ് യൂനിറ്റ് എന്നിയുടെ നേതൃത്വത്തിൽ എറണാകുളം ജില്ലാ ഭക്ഷ്യ സുരക്ഷാ വിഭാഗവുമായി ചേർന്ന് ഭക്ഷ്യസുരക്ഷാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

കൊച്ചി മറൈൻ ഡ്രൈവിൽ നടന്ന ചടങ്ങിൽ എറണാകുളം ഫുഡ് സേഫ്റ്റി അസിസ്റ്റന്റ് കമ്മീഷണർ ജോൺ വിജയകുമാർ പി.കെ പരിപാടി ഉദ്ഘാടനം ചെയ്തു. ഗുണനിലവാരമുള്ള ഭക്ഷണം ലഭിക്കുകയെന്നത് രാജ്യത്തെ പൗരന്റെ അവകാശമാണെന്ന് അദ്ദേഹം പറഞ്ഞു.

കൊച്ചിൻ ആർട്സ് ആന്റ് സയൻസ് കോളജ് പ്രിൻസിപ്പൽ ഡോ.രഞ്ജിത്ത് കെ.ഫിലിപ്പ് അധ്യക്ഷത വഹിച്ചു.

സീനിയർ ഫുഡ് സേഫ്റ്റി ഓഫിസർ വി.ഷൺമുഖൻ, കൊച്ചിൻ ആർട്സ് ആന്റ് സയൻസ് കോളജ് ഡയറക്ടർ ഷെമീർ കമാൽ, മാനേജർ ഡോ.ബെൻസീർ ഹുസൈൻ, കെ.ഫാത്തിമ, ലക്ഷ്മി ശീതൾ, സോമി മേരി മാത്യു, എൻ.എം അൻസില തുടങ്ങിയവർ സംസാരിച്ചു. ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി വിദ്യാർഥികളുടെ നേതൃത്വത്തിൽ ഫ്ളാഷ് മോബ്, തെരുവ് നാടകം, സ്പോട്ട് ഫുഡ് അഡൾട്ടറേഷൻ ടെസ്റ്റ് എന്നിവയും നടത്തി.

ഭക്ഷ്യസരുക്ഷയുടെയും ആരോഗ്യകരമായ ഭക്ഷണ രീതികളുടെ പ്രാധാന്യത്തെക്കുറിച്ചും സമൂഹത്തിൽ അവബോധം വളർത്തുകയെന്ന ലക്ഷ്യത്തോടെയായിരുന്നു പരിപാടി സംഘടിപ്പിച്ചത്.



കാക്കനാട് പാടിവട്ടത്ത് വ്യാപാര സ്ഥാപനത്തിനും കുടംബാംഗങ്ങൾക്കും നേരെ ലഹരി മാഫിയ സംഘം നടത്തിയ ആക്രണത്തിൽ പ്രതിഷേധിച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി തൃക്കാക്കര നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പാലാരിവട്ടം ജംഗ്ഷനിൽ നടത്തിയ ജാഗ്രതാ സദസ്സ് ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ.ജെ റിയാസ് ഉദ്ഘാടനം ചെയ്യുന്നു.

## ലഹരിമാഫിയയുടെ ആക്രമണം:ജാഗ്രതാ സദസ്സ് നടത്തി വ്യാപാരി വ്യവസായി ഏകോപന സമിതി

**കൊച്ചി:** കാക്കനാട് പാടിവട്ടത്ത് വ്യാപാര സ്ഥാപനത്തിനും കുടംബാംഗങ്ങൾക്കും നേരെ ലഹരി മാഫിയ സംഘം ആക്രമണം നടത്തിയതിനെതിരെ പ്രതിഷേധവുമായി കേരള വ്യാപാരി വ്യവസായി ഏകോപന സമിതി.

ഏകോപന സമിതി തൃക്കാക്കര നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പാലാരിവട്ടം ജംഗ്ഷനിൽ ജാഗ്രതാ സദസ്സ് സംഘടിപ്പിച്ചു.

ഏകോപന സമിതി ജില്ലാ ജനറൽ സെക്രട്ടറി അഡ്വ.എ.ജെ റിയാസ് ജാഗ്രതാ സദസ്സ് ഉദ്ഘാടനം ചെയ്തു.

ജില്ലാ സെക്രട്ടേറിയറ്റ് അംഗം കെ.റ്റി.ജോയി അദ്ധ്യക്ഷത വഹിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് എം.സി.പോൾസൻ മുഖ്യ പ്രഭാഷണം നടത്തി.ഷാജഹാൻ അബ്ദുൽ ഖാദർ, കെ.എസ്.നിഷാദ്, സി.എസ്.രാമചന്ദ്രൻ, സി.ഐ.സാദിക്ക്, കെ.കെ സന്തോഷ്,അക്ബർ, കെ.ആർ ദയാനന്ദൻ, മുരളീധരൻ കെ.സി, മുഹമ്മദ് റാഫി, ഷംല തുടങ്ങിയവർ സംസാരിച്ചു.

# നെടുമ്പാശ്ശേരിയിൽ നിന്നുള്ള ആദ്യ ഹജ്ജ് സംഘം യാത്രയായി



**കൊച്ചി:** നെടുമ്പാശേരിഅന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നുള്ള ആദ്യ ഹജ്ജ് സംഘം യാത്രയായി. ഇന്നലെ രാവിലെ 11.30 ന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി വി. അബ്ദുറഹിമാൻ വിമാനം ഫ് ളാഗ് ഓഫ് ചെയ്തു.എംഎൽഎമാരായ അൻവർ സാദത്ത്, മുഹമ്മദ് മുഹ്സിൻ, സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാൻ സി.മുഹമ്മദ് ഫൈസി, ഹജ്ജ് കമ്മിറ്റി അംഗങ്ങളായ സഫർ എ കയാൽ, പി പി മുഹമ്മദ് റാഫി,കെ മുഹമ്മദ് കാസിം കോയ, പി.ടി അക്ബർ, എക്സിക്യൂട്ടീവ് ഓഫീസർ പി.എം ഹമീദ്, സെൽ ഓഫീസർ ഡിവൈഎസ്പി:എം ഐ ഷാജി, ക്യാമ്പ് കോ ഓഡിനേറ്റർ ടി.കെ സലിം, സിയാൽ ഡയറക്ടർ ജി മനു, സൗദി എയർലൈൻസ് പ്രതിനിധികളായ ഹസൻ പൈങ്ങോട്ടൂർ, എസ് സ്മിത്ത് തുടങ്ങിയവർ സന്നിഹിതരായിരുന്നു. 208 പുരുഷൻമാരും 197 സ്ത്രീകളുമടക്കം 405 പേരാണ് നെടുമ്പാശേരിയിൽ നിന്ന് യാത്രയായത്. സൗദി എയർലൈൻസാണ് കൊച്ചിയിൽനിന്ന് ഹജ്ജ് സർവീസ് നടത്തുന്നത്. മൊത്തം ആറ് സർവീസുകളാണുള്ളത്. ജൂൺ 21 വരെയാണ് നെടുമ്പാശേരിയിൽ നിന്നുള്ള സർവീസുകൾ. ഇനി 9, 10, 12, 14, 21 തീയതികളിൽ ദിവസവും രാവിലെ 11.30 ന് ആകും ജിദ്ദയിലേക്ക് സർവീസ്.തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽനിന്നുള്ള 2244 തീർത്ഥാടകർക്കൊപ്പം ലക്ഷദ്വീപിൽനിന്നുള്ള 163 പേരും തമിഴ്നാട്ടുകാരായ 52 പേരും ഹരിയാനക്കാരായ രണ്ടുപേരുമാണ് കൊച്ചിയിൽനിന്ന് യാത്രയാകുന്നത്.

# മികവിന്റെ സാക്ഷ്യമായി പുറ്റുമാനൂർ ജി.യു.പി സ്കൂൾ



**കൊച്ചി:** സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയുടെ മികവിന്റെ സാക്ഷ്യമായി എറണാകുളം ജില്ലയിലെ പുറ്റുമാനൂർ ജി. യു. പി സ്കൂൾ. 2021 –22 അധ്യായന വർഷത്തിൽ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ നടപ്പാക്കിയ മികച്ച പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ (എസ്.സി.ഇ.ആർ.ടി) അംഗീകാരമാണ് സ്കൂളിനെ തേടിയെത്തിയത്. സ്കൂളിലെ ഒന്ന് മുതൽ ഏഴ് വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികളുടെ പഠന വിടവുകൾ പരിഹരിക്കുന്നതിനായി നടപ്പാക്കിയ അക്ഷര മഹോത്സവം പദ്ധതിയാണ് എസ്.സി.ഇ.ആർ.ടിയുടെ മികവ് നാലാം സീസണിൽ ഇടം പിടിച്ചത്.ഒരു ശതാബ്ദക്കാലത്തെ പാരമ്പര്യത്തിന്റെ പൈതൃകമേറുന്ന വിദ്യാലയമാണ് വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്തിലെ പുറ്റുമാനൂർ ജി.യു.പി സ്കൂൾ. കോവിഡിനെ തുടർന്ന് ഒരു വർഷത്തിലധികം നീണ്ട ഓൺലൈൻ ക്ലാസുകൾക്ക് ശേഷം സ്കൂളിലേക്ക് മടങ്ങിയെത്തിയ വിദ്യാർത്ഥികളിൽ ചിലരിൽ പഠന വൈകല്യങ്ങൾ ഉണ്ടായതായി അധ്യാപകർ കണ്ടെത്തിയിരുന്നു. എഴുതാനും വായിക്കാനും ബുദ്ധിമുട്ടുന്ന സ്ഥിതിയിലായിരുന്നു ഇവർ. ഇവരെ ശകാരിക്കുന്നതിന് പകരം പഠന ശേഷി ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് അക്ഷര മഹോത്സവം പരിപാടി സംഘടിപ്പിച്ചത്. പ്രത്യേക പരീക്ഷകളിലൂടെ കുട്ടികളുടെ നിലവാരം വിലയിരുത്തി ഓരോരുത്തരെയും പ്രത്യേകമായി പരിഗണിച്ചായിരുന്നു പദ്ധതികൾ ആസൂത്രണം ചെയ്തത്. പ്രശ്നപരിഹാര ബോധന ക്ലാസുകളും അക്ഷര മഹോത്സവത്തിന്റെ ഭാഗമായി വിവിധ മേഖലകളിലെ പ്രമുഖരെ ഉൾപ്പെടുത്തിയും ക്ലാസുകൾ സംഘടിപ്പിച്ചിരുന്നത്. 2022 ഫെബ്രുവരി 14ന് കൊട്ടും കുരവയും ആർപ്പുവിളികളോടും കൂടിയായിരുന്നു ഉത്സവത്തിന് കൊടിയേറിയത്. ഏപ്രിൽ ഒന്നു വരെ നീണ്ടു നിന്ന ആദ്യഘട്ടത്തിൽ ഓൺലൈനായും ഓഫ് ലൈൻ ആയും നിരവധി പരിപാടികളായിരുന്നു നടത്തിയത്. കഥയിലൂടെ പാഠങ്ങൾ പഠിപ്പിക്കുന്ന പരിപാടികൾ കുട്ടികൾക്ക് വേറിട്ട അനുഭവമായി. വടക്കൻ കേരളത്തിലെ അനുഷ്ഠാനകലയായ മുടിയേറ്റ് അവതരണവും ഭക്ഷ്യമേളകളുമെല്ലാം ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചിരുന്നു. ഓരോ പ്രവർത്തനങ്ങളുടെയും റിപ്പോർട്ടുകൾ വിദ്യാർത്ഥികളെ കൊണ്ട് തന്നെയായിരുന്നു തയ്യാറാക്കിച്ചിരുന്നത്.ആദ്യഘട്ടത്തിന്റെ തുടർച്ചയായി മധ്യവേനൽ അവധിക്കാലത്ത് കുട്ടികളെ തേടി അധ്യാപകർ വീട്ടിലേക്ക് എത്തുകയും കുട്ടികളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു. ഏറെ നാളത്തെ പ്രവർത്തനങ്ങൾക്ക് പിന്നാലെ സോഷ്യൽ ഓഡിറ്റിംഗ് നടത്തിയാണ് പദ്ധതിയുടെ വിജയം ആഘോഷിച്ചത്. വിദ്യാലയവും നാടും സമൂഹവും ഒന്നിച്ചപ്പോൾ സ്കൂളിന്റെ സമഗ്രമായ വളർച്ചയ്ക്ക് കൂടിയാണ് വഴിയൊരുക്കിയത്. സംസ്ഥാനത്തെ ഏറ്റവും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച 30 സ്കൂളുകളെയാണ് മികവ് നാലാം സീസണിൽ തിരഞ്ഞെടുത്തത്. പുറ്റുമാനൂർ ജി.യു.പി.സിന് പുറമേ കോതമംഗലം സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ മാത്രമാണ് പട്ടികയിൽ ഇടം പിടിച്ച ജില്ലയിലെ ഏക സ്കൂൾ.

# ബാലവേല വിരുദ്ധ ദിനം: ബോധവൽക്കരണ പരിപാടികൾ ശക്തമാക്കും



**കൊച്ചി:** ജൂൺ 12 ബാലവേല വിരുദ്ധ ദിനത്തിനോട് അനുബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ ജില്ലയിൽ ശക്തമാക്കും. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് എസ്.ഷാജഹാന്റെ നേതൃത്വത്തിൽ ബാലവേല വിരുദ്ധ ദിനാചരണവുമായി ബന്ധപ്പെട്ട് നടന്ന യോഗത്തിലാണ് തീരുമാനം. പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ ബാലവേല കൂടുതലായി നടക്കുന്ന മേഖലകൾ തിരിച്ച് പരിശോധന ശക്തമാക്കും. ഈ പ്രദേശങ്ങളിൽ ബോധവൽക്കരണം പരിപാടികളും സംഘടിപ്പിക്കും. തൊഴിലിടങ്ങളിലും പരിശോധന ശക്തമാക്കും. ബോധവൽക്കരണത്തിന്റെ ഭാഗമായി അപ്പർ പ്രൈമറി വിഭാഗം വിദ്യാർത്ഥികൾക്കായി ചിത്രരചന, ക്വിസ് പ്രോഗ്രാം തുടങ്ങിയ പരിപാടികൾ നടക്കും. ബാലവേല വിരുദ്ധ സന്ദേശം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഫ് ളാഷ് മോബും സംഘടിപ്പിക്കും.തൊഴിലിടങ്ങളിലും മെട്രോ സ്റ്റേഷനുകളിലും ബാല വേലവിരുദ്ധ ബോധവൽക്കരണ സന്ദേശം ഉൾപ്പെടുത്തിക്കൊണ്ട് വിവിധ ഭാഷകളിലുള്ള അനൗൺസ്മെന്റുകൾ നൽകും.യോഗത്തിൽ ജില്ലാ ലേബർ ഓഫീസർ പി.ജെ വിനോദ് കുമാർ, ക്രൈം ബ്രാഞ്ച് എ.സി.പി പയസ് ജോർജ്, ജില്ലാ ശിശു വികസന ഓഫീസർ കെ.എസ് സിനി, കൊച്ചി ചൈൽഡ് ലൈൻ കോ ഓഡിനേറ്റർ ക്രിസ്റ്റിൻ ജോസഫ്, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# ചിൽഡ്രൻസ് ഹോമിൽ എഡ്യൂക്കേറ്റർ തസ്തികയിൽ നിയമനം

**കൊച്ചി:** ജില്ലയിൽ വനിത ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോമിലെ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്താൻ എഡ്യൂക്കേറ്റർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. 202324 അധ്യയന വർഷത്തെ എഡ്യൂക്കേറ്റർ തസ്തികയിലേക്ക് 18 നും 45 നും ഇടയിൽ പ്രായമുള്ള വനിതകളിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത്. ഏതെങ്കിലും വിഷയത്തിൽ ബിരുദം, ബി. എഡ് യോഗ്യതയും മൂന്നു വർഷത്തെ പ്രവൃത്തി പരിചയവും സ്ഥാപനത്തിന്റെ അഞ്ചു കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്നതുമായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. സർവീസിൽ നിന്ന് വിരമിച്ച അധ്യാപകർക്കും അപേക്ഷിക്കാം. അഭിമുഖത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം. 10000 രൂപയാണ് പ്രതിമാസ ശമ്പളം. കൂടുതൽ വിവരങ്ങൾക്ക് 0484 2428553, 0484 2998101, 9495353572 എന്ന നമ്പറുകളിൽ ബന്ധപ്പെടാം.

# ആയുർവേദ വയോജന ക്യാമ്പ് സംഘടിപ്പിച്ചു

**കൊച്ചി:** ചേന്നമംഗലം ഗ്രാമപഞ്ചായത്തിൽ വയോജനങ്ങൾക്കായി ആയുർവേദ ക്യാമ്പ് സംഘടിപ്പിച്ചു. ചേന്നമംഗലം കമ്മ്യൂണിറ്റി ഹാളിൽ നടത്തിയ ക്യാമ്പ് ജില്ലാ പഞ്ചായത്ത് അംഗം എസ്. അനിൽകുമാർ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്തും ചേന്നമംഗലം ഗ്രാമപഞ്ചായത്തും ചേർന്നാണ് ആയുർവേദ ക്യാമ്പ് സംഘടിപ്പിച്ചത്. നൂറുകണക്കിന് വയോജനങ്ങൾ പഞ്ചായത്തിലെ ആയുർവേദിക് കമ്പനിയിൽ പങ്കെടുത്തു. ക്യാമ്പിൽ വയോജനങ്ങൾക്ക് ആവശ്യമുള്ള മുറിവെണ്ണ, ധന്വന്തരം ഗുളിക, യോഗരാജാ ഗുഗ് ഗുളു തുടങ്ങിയ ആയുർവേദ മരുന്നുകൾ നൽകി. ചേന്നമംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലീന വിശ്വൻ അധ്യക്ഷത വഹിച്ചു. ചേന്നമംഗലം ആയുർവേദ മെഡിക്കൽ ഓഫീസർ ബിനോ സേവ്യറിന്റെ നേതൃത്വത്തിൽ നടത്തിയ ക്യാമ്പിൽ ക്ഷേമ കാര്യ സ്റ്റാൻഡിംഗ് ചെയർമാൻ പ്രേംജി, ഡോക്ടർ. ടി.എ അശ്വതി തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

## തീരദേശ പരിപാലന പ്ലാൻ: പബ്ലിക് ഹിയറിങ് ജൂൺ 12ന്

**കൊച്ചി:** 2019 ലെ തീരദേശ പരിപാലന പ്ലാനിന്റെ കരടിന്മേലുള്ള നിർദ്ദേശങ്ങളും പരാതികളും സ്വീകരിക്കുന്നതിനായി ഈ മാസം 12 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ രാവിലെ പത്തു മണി മുതൽ നടത്താനിരുന്ന പബ്ലിക് ഹിയറിങ്, കൊച്ചി കടവന്ത്രയിലുള്ള റീജണൽ സ്പോർട്സ് സെന്ററിലേക്ക് മാറ്റിയതായി ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ് അറിയിച്ചു. പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യപ്രദമായി പരിപാടിയിൽ പങ്കെടുക്കുന്നതിനായാണ് വേദി മാറ്റിയത്. കൊച്ചി കോർപറേഷൻ, 6 നഗരസഭകൾ, 25 പഞ്ചായത്തുകൾ എന്നിവയാണ് തീരദേശ പ്ലാനിൽ ഉൾപ്പെടുന്നത്. തീരദേശ പരിപാലന അതോറിറ്റിയുടെ വിദഗ്ദ്ധർ പങ്കെടുക്കുന്ന ഹിയറിങ്ങിൽ, പ്ലാനിന്മേൽ പൊതുജനങ്ങൾക്കുള്ള അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും, പരാതികളും നേരിട്ടും രേഖാമൂലവും സമർപ്പിക്കുന്നതിനുള്ള അവസരം ഉായിരിക്കുന്നതാണ്.

## അലോപ്പതി മെഡിക്കൽ ഓഫീസർ ഒഴിവിലേക്ക് ഇന്റർവ്യൂ

**കൊച്ചി:** ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിന് കീഴിലുള്ള ഇ. എസ്. ഐ സ്ഥാപനങ്ങളിലെ അലോപ്പതി വിഭാഗം മെഡിക്കൽ ഓഫീസർമാരുടെ ഒഴിവിലേക്കും, ഇനി ഉാകാൻ സാധ്യതയുള്ള ഒഴിവിലേക്കും വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, ഇടുക്കി ജില്ലകളിൽ കരാർ അടിസ്ഥാനത്തിലാണ് നിയമനം. എം. ബി. ബി. എസ്. ഡിഗ്രിയും റ്റി.സി. എം. സി. രജിസ്ട്രേഷനുമുള്ള ഉദ്യോഗാർത്ഥികൾ cru.czims@kerala.gov.in എന്ന ഇമെയിൽ വിലാസത്തിലേക്ക് ബയോഡാറ്റ (ഇമെയിൽ വിലാസം, ഫോൺ നമ്പർ സഹിതം ) ജൂൺ 15 ന് മുൻപ് സമർപ്പിക്കണം. പ്രതിമാസ ശമ്പളം 57,525 രൂപ. ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ ഇന്റർവ്യൂ നടത്തുന്ന സ്ഥലവും തിയതിയും സമയവും അറിയിക്കും.കൂടുതൽ വിവരങ്ങൾക്ക് 04842391018 എന്ന നമ്പറിൽ ബന്ധപ്പെടുക.

## പുനരധിവാസം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വേടൻ, നായാടി, കല്ലാടി, അരുന്ധതിയാർ, ചക്ലിയ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും സ്വയംതൊഴിൽ പദ്ധതി, പഠനമുറി, ടോയ്‌ലറ്റ്, കൃഷിഭൂമി, ഭവന പുനരുദ്ധാരണം, ഭൂമി, വീട് എന്നീ ധനസഹായ പദ്ധതികൾക്കായി ജില്ലാ പട്ടികജാതി വികസന ഓഫീസർ അപേക്ഷകൾ ക്ഷണിക്കുന്നു. വരുമാന പരിധി 1 ലക്ഷം രൂപ, അപേക്ഷകൾ സമർപ്പിക്കേ അവസാന തീയതി ജൂൺ 15. അപേക്ഷകൾ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസ്സുകളിൽ സമർപ്പിക്കേതാണ്. കൂടുതൽ വിവര ങ്ങൾക്ക് ബന്ധപ്പെട്ട ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസ്സുകളിലോ ജില്ലാ പട്ടികജാതി വികസന ഓഫീസ്സിലോ ബന്ധപ്പെടേതാണ്. (ഫോൺ . 04842422256).

## കുമ്പളങ്ങി സൗത്തിൽ പുതിയ ഓപ്പൺജിം ഒരുങ്ങുന്നു

**കൊച്ചി:** കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ പുതിയ ഓപ്പൺജിം ഒരുങ്ങുന്നു. കുമ്പളങ്ങി സൗത്ത് എട്ടാം വാർഡിലെ ബസ്സ്റ്റാന്റിൽ വ്യായാമം ചെയ്യാനെത്തുന്നവർക്ക് ഉപയോഗപ്രദമായ രീതിയിലാണ് പുതിയ ഓപ്പൺജിമ്മിന്റെ നിർമ്മാണം പുരോഗമിക്കുന്നത്. പഞ്ചായത്ത് ഫിൽ നിന്നും 1.80 ലക്ഷം രൂപ മുതൽമുടക്കി നിർമ്മിക്കുന്ന ജിമ്മിൽ നാല് ഉപകരണങ്ങളാണ് ആദ്യ ഘട്ടത്തിൽ സജ്ജീകരിക്കുന്നത്. കുമ്പളങ്ങിയുടെ സൗന്ദര്യം ആസ്വദിച്ചുകൊ് വ്യായാമം ചെയ്യാനാകുന്ന സംവിധാനമാണ് കായികപ്രേമികൾക്കായി പഞ്ചായത്ത് ഒരുക്കുന്നത്. പണച്ചെലവില്ലാതെ, പ്രായഭേതമന്യേ എല്ലാവർക്കും ഓപ്പൺജിം ഉപയോഗിക്കാം. പദ്ധതിയുടെ തുടർച്ചയായി ചിൽഡ്രൻസ് പാർക്ക് നിർമ്മിക്കാനും പഞ്ചായത്ത് ലക്ഷ്യമിടുന്നു്. കുമ്പളങ്ങിയിലെ കെ കരുണാകരൻ പാർക്കിൽ നേരത്തെ സ്ഥാപിച്ച ഓപ്പൺജിമ്മിന് ജനങ്ങൾക്കിടയിൽ വൻ സ്വീകാര്യത ലഭിച്ചതിനെ തുടർന്നാണ് ഒരു ജിം കൂടി പഞ്ചായത്ത് സ്ഥാപിക്കുന്നത്. പാർക്കിൽ നടക്കാൻ വരുന്നവരിൽ ഭൂരിഭാഗവും ഓപ്പൺ ജിം ഉപയോഗിക്കുന്നു്. പുതിയ ഓപ്പൺ ജിം ര് ദിവസത്തിനുള്ളിൽ നാടിന് സമർപ്പിക്കുമെന്ന് പഞ്ചായത്ത് അധികൃതർ പറഞ്ഞു.

# ആദിത്യ ബിർള ഗ്രൂപ്പ് ബ്രാൻഡഡ് ജ്വല്ലറി റീട്ടെയിൽ ബിസിനസിലേക്ക്

**കൊച്ചി:** ആദിത്യ ബിർള ഗ്രൂപ്പ് ഏകദേശം 5000 കോടി രൂപ മുതൽമുടക്കിൽ ബ്രാൻഡഡ് ജ്വല്ലറി റീട്ടെയിൽ ബിസിനസിലേക്ക് കടക്കാൻ ഒരുങ്ങുന്നു. നോവൽ ജ്വല്ലറി ലിമിറ്റഡ് എന്ന പേരിലുള്ള പുതിയ സംരംഭം ഇൻഹൗസ് ജ്വല്ലറി ബ്രാൻഡുകൾ ലഭ്യമാകുന്ന ലാർജ് ഫോർമാറ്റ് എക്സ്ക്ലൂസീവ് ജ്വല്ലറി റീട്ടെയിൽ സ്റ്റോറുകൾ ഇന്ത്യയിലുടനീളം സ്ഥാപിക്കുമെന്ന് ആദിത്യ ബിർള ഗ്രൂപ്പ് ചെയർമാൻ കുമാർ മംഗലം ബിർള പറഞ്ഞു. അതുല്യമായ ഡിസൈനുകളും ശക്തമായ പ്രാദേശിക രുചിയുമുള്ള ശക്തമായ ഒരു ദേശീയ ബ്രാൻഡ് സൃഷ്ടിച്ച് ഉപഭോക്തൃ അനുഭവത്തെ പരിവർത്തനം ചെയ്യാൻ പുതിയ സംരംഭം ശ്രമിക്കും. കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ, പെയിന്റുകൾ, നിർമ്മാണ സാമഗ്രികൾക്കായുള്ള ബിടുബി ഇകൊമേഴ്സ് എന്നിവയ്ക്ക് ശേഷം ഒരു പുതിയ ബിസിനസിലേക്കുള്ള ഗ്രൂപ്പിൻറെ മൂന്നാമത്തെ പ്രധാന ചുവടുവയ്പ്പാണിതെന്നും കുമാർ മംഗലം ബിർള കൂട്ടിച്ചേർത്തു.ആദിത്യ ബിർള ഗ്രൂപ്പിന്റെ ബ്രാൻഡഡ് ജ്വല്ലറി റീട്ടെയിലിലേക്കുള്ള കടന്നുവരവ് വിശ്വാസത്തിന് അടിവരയിടുന്ന ബിസിനസ്സുകൾ കെട്ടിപ്പടുക്കുന്ന തങ്ങളുടെ പാരമ്പര്യത്തിലെ ഒരു സുപ്രധാന നിമിഷത്തെ അടയാളപ്പെടുത്തുന്നുവെന്നും കുമാർ മംഗലം ബിർള പറഞ്ഞു. പുതിയ വളർച്ചാ മേഖലകൾ പ്രയോജനപ്പെടുത്താനും ഊർജ്ജസ്വലമായ ഇന്ത്യൻ ഉപഭോക്തൃ രംഗത്ത് ഞങ്ങളുടെ സാന്നിധ്യം വിപുലീകരിക്കാനും അനുവദിക്കുന്ന തന്ത്രപ്രധാനമായ ഒരു പോർട്ട്ഫോളിയോ തിരഞ്ഞെടുപ്പാണ് ഈ പുതിയ സംരംഭം. ലൈഫ് സ്റ്റൈൽ റീട്ടെയിലിലെ ആദിത്യ ബിർള ഗ്രൂപ്പിൻറെ ആഴത്തിലുള്ള വൈദഗ്ധ്യവും ഉപഭോക്തൃ മുൻഗണനകളെക്കുറിച്ചുള്ള സൂക്ഷ്മമായ ധാരണയും ഈ സംരംഭം പ്രയോജനപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.ആഴത്തിലുള്ള റീട്ടെയിൽ വിഭാഗ വൈദഗ്ധ്യമുള്ള പുതുതായി റിക്രൂട്ട് ചെയ്ത ടീമാണ് പുതിയ സംരംഭത്തിന് നേതൃത്വം നൽകുക.ഇന്ത്യയുടെ രത്ന, ആഭരണ വിപണി ജിഡിപിയുടെ ഏകദേശം 7 ശതമാനം സംഭാവന ചെയ്യുന്നു. 2025 ഓടെ ജ്വല്ലറി വിപണി 90 ബില്യൺ ഡോളറായി വളരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ ദ്രുതഗതിയിലുള്ള വളർച്ചയ്ക്കിടയിൽ, അസംഘടിത മേഖലയിൽ നിന്ന് സംഘടിത മേഖലയിലേക്കുള്ള സ്ഥിരമായ മാറ്റം കാണപ്പെടുന്നുണ്ട്.ഇന്ത്യൻ ഉപഭോക്താക്കൾക്ക് അതിസൂക്ഷ്മമായും സങ്കീർണ്ണമായും രൂപകൽപ്പന ചെയ്ത ആഭരണങ്ങളുടെ വൈവിധ്യമാർന്ന ശ്രേണി വാഗ്ദാനം ചെയ്തുകൊണ്ടാണ് ഈ മേഖലയിലേക്കുള്ള ഗ്രൂപ്പിന്റെ സമയോചിതമായ പ്രവേശനമെന്നും കുമാർ മംഗലം ബിർള വ്യക്തമാക്കി.

# പുഴകളെ സമഗ്രമായി സമീപിക്കണം



**കൊച്ചി:** പുഴകൾക്ക് പുതുജീവൻ നൽകാനുള്ള പ്രവർത്തനങ്ങൾ പരിസ്ഥിതി പ്രശ്നം മാത്രമായി കാണുന്നതിനു പകരം പുഴയോട് ബന്ധപ്പെട്ട പാട്ടുകളും കഥകളും മറ്റ് സാംസ്കാരിക ഈടുവയ്പുകളും തിരിച്ചുപിടിക്കുന്നതിലൂടെയാണ് ചെയ്യേണ്ടതെന്ന് മെട്രോമാൻ ഇ ശ്രീധരൻ പ്രസിഡന്റായ ഫ്രണ്ട്സ് ഓഫ് ഭാരതപ്പുഴയുടെ ജനറൽ സെക്രട്ടറിയും വയലി ഫോക് ലോർ ഗ്രൂപ്പ് അമരക്കാരനും എൻജിനീയറുമായ വിനോദ് നമ്പ്യാർ പറഞ്ഞു. ആഗോള പരിസ്ഥിതി, ജല, പാർപ്പിടദിനങ്ങളിൽ അസറ്റ് ഹോംസ് സംഘടിപ്പിച്ചു വരുന്ന ബിയോണ്ട് സ്‌ക്വയർ ഫീറ്റ് (ബിഎസ്എഫ്) പ്രഭാഷണപരമ്പരയിലെ 25ാമത് പ്രഭാഷണ പരിപാടിയിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പുഴ ഉൾപ്പെടെയുള്ള പ്രകൃതിസമ്പത്തുകൾ പുതിയ തലമുറയെ പരിചയപ്പെടുത്താതിരുന്നതിന് താനുൾപ്പെട്ടെ മുതിർന്ന തലമുറ കുറ്റക്കാരാണെന്ന് അദ്ദേഹം പറഞ്ഞു. എന്തായിരുന്നു പുഴ, എന്താണ് പുഴ എന്ന് കുട്ടികളെ പഠിപ്പിക്കാൻ അവരെ പുഴകൾ കാണിച്ചു കൊടുക്കണം, പുഴകളെപ്പറ്റിയുള്ള പാട്ടുകളും കഥകളും കേൾപ്പിക്കണം. അപ്പോൾ നമ്മൾ ചോദിക്കാതെ തന്നെ ഭാവിയിൽ എന്താകണം പുഴ എന്ന മൂന്നാമത്തെ ചോദ്യം അവർ സ്വയം ചോദിക്കും. ഭാരതപ്പുഴയെപ്പറ്റി ഇതുവരെ 36 ഗവേഷണ പ്രബന്ധങ്ങളുണ്ടായിട്ടുണ്ട്. അതേസമയം ഭാരതപ്പുഴയിലെ മണലും ചരലും കളിമണ്ണും ആളുകൾ വാരിക്കൊണ്ടുപോയി, പാറ മാത്രം ബാക്കിയായി. പുഴ മുഴുവൻ ആളെ മൂടുന്ന ഉയരത്തിൽ പുൽക്കാട് വളർന്നു.അരവിന്ദന്റെ തമ്പ് എന്ന സിനിമയിൽ ഭാരതപ്പുഴ ഒരു കഥാപാത്രം തന്നെയായിരുന്നു. നമ്മുടെ ഒട്ടേറെ സിനിമകളിൽ ഭാരതപ്പുഴ പശ്ചാത്തലമായി. ഭാരതപ്പുഴയെപ്പറ്റി വള്ളത്തോൾ മുതൽ എഴുതിയ 75ഓളം കവിതകളും സമാഹരിക്കാനായി. പുഴകളെ ഇത്തരം സാമൂഹ്യസന്ദർഭങ്ങളിലൂടെ അറിയുകയും അറിയിക്കുകയുമാണ് പുഴകളുടെ നിലനിൽപ്പിന് നിർണായകമാവുകയെന്നും അദ്ദേഹം പറഞ്ഞു. അസറ്റ് ഹോംസ് മാനേജിംഗ് ഡയറക്ടർ വി സുനിൽ കുമാർ പ്രസംഗിച്ചു.

# തടസ്സം നീങ്ങി; നെൽ വില ഇതുവരെ വിതരണം ചെയ്തത് 155 കോടി രൂപ

**കൊച്ചി:** നെല്ലിന്റെ വില കർഷകന് നൽകുന്നതിനുള്ള തടസ്സങ്ങൾ നീങ്ങിയെന്ന് സപ്ലൈകോ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ശ്രീറാം വെങ്കിട്ടരാമൻ അറിയിച്ചു. ഇന്നലെ വരെ 155 കോടി രൂപ വിതരണം ചെയ്തു.നെല്ലിന്റെ വില കർഷകർക്ക് നൽകുവാൻ കാലതാമസം നേരിട്ടതിനെ തുടർന്ന് സർക്കാർ ഇടപെടലുകളിലൂടെ 700 കോടി രൂപ പി ആർ എസ് വായ്പയായി എസ് ബി ഐ, കാനറ ബാങ്ക്, ഫെഡറൽ ബാങ്ക് എന്നിവ വഴി നൽകാൻ തീരുമാനിച്ചിരുന്നു. ഇതിനായി ബാങ്കുകളുമായി സപ്ലൈകോ ധാരണാപത്രത്തിൽ ഒപ്പിടുകയും ചെയ്തിരുന്നു. തുക വിതരണം ചെയ്യേണ്ട കർഷകരുടെ പൂർണ്ണ വിവരങ്ങൾ സപ്ലൈകോ ബാങ്കുകൾക്ക് ഉടനെ കൈമാറിയെങ്കിലും എസ്ബിഐ, ഫെഡറൽ ബാങ്കുകൾ തുക വിതരണം ചെയ്ത് തുടങ്ങിയിരുന്നില്ല. വായ്പ നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ , ബാങ്കുകളിൽ ഡെവലപ്പ് ചെയ്യാനുള്ള സാങ്കേതിക തടസ്സമാണ് കാലതാമസമുണ്ടാകാൻ കാരണം. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ജൂൺ 6 മുതൽ പിആർഎസ് വായ്പയായി തുകവിതരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇന്നലെ വരെ കാനറാ ബാങ്ക് വഴി 10955 കർഷകർക്ക് 129 കോടി രൂപയും എസ് ബി ഐ വഴി 125 കർഷകർക്ക് രണ്ട് കോടി രൂപയും, ഫെഡറൽ ബാങ്ക് വഴി 1743 കർഷകർക്ക് 23.65 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ടെന്നും ശ്രീറാം വെങ്കിട്ടരാമൻ അറിയിച്ചു.

# പ്രാദേശിക സംസ്കാരത്തിന്റെ വേറിട്ട പ്രദർശനമൊരുക്കി ഫെഡറൽ ബാങ്ക്



**കൊച്ചി:** പ്രാദേശിക സംസ്കാരത്തിന്റേയും ജീവിതങ്ങളുടേയും കഥ പറയുന്ന വേറിട്ട പ്രദർശനവുമായി ഫെഡറൽ ബാങ്ക്. ചെന്നൈയിലെ അഡയാർ ശാഖയിലാണ് പ്രാദേശിക തനിമയുടെ പ്രദർശന ഗാലറിയാക്കിയൊരുക്കി വേറിട്ട ക്യാംപയിന് ബാങ്ക് തുടക്കം കുറിച്ചത്. പ്രദേശവാസികളിൽ നിന്നും ബാങ്കു ജീവനക്കാർ നേരിട്ട് ശേഖരിച്ച നൂറോളം അനുഭവകഥകളിൽ നിന്ന് തെരഞ്ഞെടുത്ത 40 കഥകളും കഥാപാത്രങ്ങളുടെ ചിത്രങ്ങളും ശാഖാ അങ്കണത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നു. 'ഐ ആം അഡയാർ, അഡയാർ ഈസ് മി' എന്നു പേരിട്ടിരിക്കുന്ന ക്യാംപയിൻ ഇന്ത്യയിലെ ബാങ്കിങ് രംഗത്ത് തീർത്തും പുതുമയാർന്നതാണ് . അഡയാറിലെ ജനങ്ങളുടെ പോരാട്ടങ്ങളും വിജയങ്ങളും, അഡയാറിന്റെ സവിശേഷതകളുമെല്ലാം പ്രതിഫലിപ്പിക്കുന്നതാണ് ചുവരുകളിലെ പെയിന്റിങ്ങുകൾ.ക്യാംപയിന്റെ ഭാഗമായി അഡയാറിലുടനീളം വിവിധ ഷോപ്പുകളിൽ അഡയാർ ഫെഡറൽ എന്ന പേരിൽ ബ്രാൻഡഡ് ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. കൂടാതെ, ബ്രാൻഡ് ചെയ്ത നൂറിലേറെ ഓട്ടോറിക്ഷകളും നഗരത്തിൽ ഓടിക്കൊണ്ടിരിക്കുന്നു.'അഡയാറിലെ ജനങ്ങളുടെ ജീവിതവും ഓർമ്മകളും ആഘോഷിക്കാൻ ബാങ്ക് ഒരുക്കിയ സവിശേഷ സംരംഭമാണ് 'ഐ ആം അഡയാർ, അഡയാർ ഈസ് മി.' വലിയ സ്വപ്നങ്ങൾ കാണാനും അവ സാക്ഷാത്കരിക്കാനും പ്രോത്സാഹിപ്പിക്കുന്ന ബാങ്കാണ് ഫെഡറൽ ബാങ്ക്. സഹാനുഭൂതിയോടെയുള്ള സേവനമാണ് മികച്ച സാമ്പത്തിക വളർച്ചയുടെ ഇന്ധനമായി മാറുക. അഡയാറിലെ ജനങ്ങൾ അവരുടെ ജീവിതവും കഥകളും അനുഭാവപൂർവമാണ് ഞങ്ങളുമായി പങ്കുവച്ചത്. അവരുടെ മുഖങ്ങളെല്ലാം അഡയാറിലെ ദൈനംദിന ജീവിതവും യാത്രകളും സന്തോഷവും രേഖപ്പെടുത്തുന്നുവെന്ന് ഫെഡറൽ ബാങ്ക് ചീഫ് മാർക്കറ്റിങ് ഓഫീസർ എം വി എസ് മൂർത്തി പറഞ്ഞു.ഇടപാടുകൾക്കപ്പുറം ജനങ്ങളുമായി വ്യക്തിപരമായി നേരിട്ട് ഇടപഴകുന്ന ഒരു ബന്ധം ഈ സവിശേഷ ക്യാംപെയിനിലൂടെ നേടിയെടുക്കാൻ ബാങ്കിനു സാധിച്ചു. ജനങ്ങൾക്ക് കൂടുതൽ പ്രാമുഖ്യം നൽകുന്ന ബാങ്കിന്റെ, പ്രാദേശിക സംസ്കാരവുമായും ഇഴുകിച്ചേർന്നുള്ള ഈ സമീപനത്തിന് ഏറെ സ്വീകാര്യതയും ലഭിക്കുന്നുണ്ട് . പ്രാദേശിക സമൂഹവുമായി വൈകാരികമായ ഒരു ബന്ധം സ്ഥാപിക്കാൻ കൂടി ഈ ക്യാംപയിൻ ലക്ഷ്യമിടുന്നു.ജൂൺ 3 നു തുടങ്ങിയ പ്രദർശനം രാവിലെ 10 മുതൽ വൈകീട്ട് 6 വരെ രണ്ടാഴ്ചക്കാലത്തേക്ക് ഉണ്ടാവുന്നതാണ്.

# കുഫോസ് വിദ്യാർത്ഥികൾ മാരാരിക്കുളം ബീച്ച് വൃത്തിയാക്കി




**കൊച്ചി:**ലോക സമുദ്ര ദിനാചരണത്തോട് അനുബന്ധിച്ച് കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല (കുഫോസ്) സംഘടിപ്പിച്ചിട്ടുള്ള പരിപാടികളുടെ ഭാഗമായി കുഫോസ് വിദ്യാർത്ഥികൾ ആലപ്പുഴ മാരാരിക്കുളം ബീച്ച് വൃത്തിയാക്കി. കുഫോസിലെ എം.എസ്.സി മറൈൻ ബയോളജി വിദ്യാർത്ഥികളാണ് പ് ളാസ്റ്റിക് മാലിന്യങ്ങളും കോവിഡ് മാസ്കും നിറഞ്ഞ് വൃത്തികേടായിരുന്ന ബീച്ച് ശുദ്ധീകരിച്ചത്. 28 വിദ്യാർത്ഥികൾ പങ്കെടുത്തു. മാരാരിക്കുളം നോർത്ത് ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗം ജെസ്സി ജോസി ബീച്ച് ക്ളീനിങ്ങ് പരിപാടി ഉദ്ഘാടനം ചെയ്തു. കുഫോസിലെ അധ്യാപകരായ ഡോ.കെ.ജി.നെവിൻ, ഡോ.വി.പി. ലിംനാ മോൾ, ഡോ.പി.ടി.ബൈജു എന്നിവർ നേതൃത്വം നൽകി. ഇന്ന് ലോകസമുദ്ര ദിനാചരണം. ദിനാചരണത്തിന്റെ ഭാഗമായി കുഫോസ് സംഘടിപ്പിച്ചിട്ടുള്ള സെമിനാർ ഉച്ച് 2.30 ന് വൈസ് ചാൻസലർ ഡോ. റോസലിന്റ് ജോർജ് ഉദ്ഘാടനം ചെയ്യും.

# എൻ.ഐ.ആർ.എഫ് റാങ്കിങ്ങിൽ നേട്ടവുമായി സീമാറ്റ്

**ചെന്നൈ:** ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം ഏർപ്പെടുത്തിയ നാഷനൽ ഇൻസ്റ്റിറ്റ്യൂഷനൽ റാങ്കിങ് ഫ്രെയിം വർക്ക് (എൻ.എൻ.ഐ.ആർ.എഫ്) പട്ടികയിൽ വൻ നേട്ടം കൈവരിച്ച് സീമാറ്റ്. അപേക്ഷിച്ച എല്ലാ വിഭാഗത്തിലും റാങ്കിങ് നേടിയ ഏക സ്ഥാപനമാണ് സീമാറ്റ് എന്ന് സീമാറ്റ് ചാൻസലർ ഡോ. എൻ.എം വീരയ്യൻ പറഞ്ഞു. ഇന്ത്യയിലെ ഏറ്റവും മികച്ച ഡെന്റൽ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ പട്ടികയിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കി. ഇന്ത്യയിലെ ഏറ്റവും മികച്ച ലോ കോളേജുകളുടെ പട്ടികയിൽ 11 ആം സ്ഥാനവും, യൂണിവേഴ്സിറ്റി പട്ടികയിൽ 13 ആം സ്ഥാനവും, ഏറ്റവും മികച്ച മെഡിക്കൽ കോളേജ് പട്ടികയിൽ 18 ആം സ്ഥാനവും എൻജിനിയറിങ് വിഭാഗത്തിൽ 64 ആം സ്ഥാനവും മാനേജ്മന്റ് വിഭാഗത്തിൽ 71 ആം സ്ഥാനവും സീമാറ്റ് സ്വന്തമാക്കി. ഇന്നോവേഷൻ വിഭാഗത്തിൽ 51-100 നുള്ളിൽ മാർക്ക് നേടാനും സ്ഥാപനത്തിന് സാധിച്ചു. ഈ അഭിമാന നേട്ടത്തിന് നിർണായക പങ്കുവഹിച്ചത് വിദ്യാർത്ഥികളെയും അധ്യാപകരും ജീവനക്കാരുമാണെന്നും ഡോ. എൻ.എം വീരയ്യൻ പറഞ്ഞു.ഈ ഉയർന്ന നിലവാരവും മികവും നിലനിർത്തുന്നതിനും എല്ലാ മേഖലകളിലും മുന്നേറുന്നതിനും തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം പറഞ്ഞു.

# ഉപഭോക്താക്കൾക്ക് എക്സ്റ്റെൻഡഡ് വാറന്റി പ്ലസുമായി ഹോണ്ട

**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) ഉപഭോക്താക്കൾക്കായി എക്സ്റ്റെൻഡഡ് വാറൻറി പ്ലസ് (ഇഡബ്ല്യു സ്) അവതരിപ്പിച്ചു. 250സിസി വിഭാഗം വരെയുള്ള എല്ലാ സ്കൂട്ടർ, മോട്ടോർസൈക്കിൾ മോഡലുകളിലും ഇതിൻറെ ആനുകൂല്യം ലഭിക്കുമെന്ന് ഹോണ്ട മോട്ടോർസൈക്കിൾ & സ്കൂട്ടർ ഇന്ത്യയുടെ സെയിൽസ് ആൻഡ് മാർക്കറ്റിങ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു.വാഹനം വാങ്ങി 91 ദിവസം മുതൽ 9 വർഷം വരെയുള്ള കാലയളവിനുള്ളിൽ ഈ എക്സ്റ്റെൻഡഡ് വാറൻറി ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുത്താം. സമഗ്രമായ 10 വർഷത്തെ വാറൻറി കവറേജിന് പുറമേ, ഉടമസ്ഥാവകാശം മാറിയാലും കൈമാറ്റം ചെയ്താലും റിന്യൂവൽ ഓപ്ഷനുകളും ഉപഭോക്താക്കൾക്ക് ലഭ്യമാകും.നിർണായകമായ ഉയർന്ന മൂല്യമുള്ള എഞ്ചിൻ ഭാഗങ്ങൾക്കും, മറ്റു അവശ്യ മെക്കാനിക്കൽ, ഇലക്ട്രിക്കൽ ഭാഗങ്ങൾക്കും എക്സ്റ്റെൻഡഡ് വാറൻറി പ്ലസിലൂടെ സമഗ്രമായ കവറേജ് ലഭിക്കും. ഏഴ് വർഷമായ വാഹനങ്ങൾക്ക് 3 വർഷത്തെ പോളിസി, 8 വർഷമായ വാഹനങ്ങൾക്ക് 2 വർഷത്തെ പോളിസി, 9ാം വർഷത്തിലെ വാഹനങ്ങൾക്ക് ഒരു വർഷത്തെ പോളിസി എന്നിങ്ങനെ മൂന്ന് ഓപ്ഷനുകളിൽ നിന്ന് ഉപഭോക്താക്കൾക്ക് ഇഡബ്ല്യു പ്ലസ് തിരഞ്ഞെടുക്കാം. ഈ ഓപ്ഷനുകൾ എല്ലാ സ്കൂട്ടർ മോഡലുകൾക്കും 120,000 കിലോമീറ്റർ വരെയും, എല്ലാ മോട്ടോർസൈക്കിൾ മോഡലുകൾക്കും 130,000 കിലോമീറ്റർ വരെയും കവറേജ് നൽകും. എല്ലാ അംഗീകൃത ഹോണ്ട സർവീസ് സെന്ററിൽ നിന്നും പുതിയ പ്രോഗ്രാം ലഭ്യമാവും.150സിസി വരെയുള്ള വാഹനങ്ങൾക്ക് 1,317 രൂപയും, 150സിസി മുതൽ 250സിസി വരെയുള്ള വാഹനങ്ങൾക്ക് 1,667 രൂപയുമാണ് വില. വാഹനം വാങ്ങിയ വർഷത്തെ അടിസ്ഥാനമാക്കി വിലനിർണയത്തിൽ വ്യത്യാസമുണ്ടാവും. ഉടമസ്ഥാവകാശ അനുഭവം പുതിയ തലത്തിലേക്ക് ഉയർത്തുന്നതിനാണ് തങ്ങളുടെ എക്സ്റ്റെൻഡഡ് വാറൻറി പ്ലസ് പ്രോഗ്രാം രൂപകൽപ്പന ചെയ്തിരിക്കുന്നത്. 10 വർഷം വരെ എക്സ്റ്റെൻഡഡ് വാറൻറി കവറേജ് ലഭ്യമാക്കുന്ന വ്യവസായത്തിൻറെ ആദ്യ പ്രോഗ്രാമാണിതെന്നും യോഗേഷ് മാത്തൂർ പറഞ്ഞു.

# ബജാജ് ഫിനാൻസുമായി കൈകോർത്ത് ടൊയോട്ട

**കൊച്ചി:** ഉപഭോക്തൃ അനുഭവം കൂടുതൽ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഇന്ത്യയിലെ പ്രമുഖ സാമ്പത്തിക സ്ഥാപനങ്ങളിലൊന്നായ ബജാജ് ഫിൻസെർവ് ലിമിറ്റഡിന്റെ ഭാഗമായ ബജാജ് ഫിനാൻസ് ലിമിറ്റഡുമായി (ബിഎഫ്എൽ) കൈകോർത്ത് ടൊയോട്ട കിർലോസ്കർ മോട്ടോർസ്. കമ്പനിയുമായി ധാരണാപത്രം ഒപ്പുവെച്ചതായി ടൊയോട്ട കിർലോസ്കർ മോട്ടോർസ് പ്രഖ്യാപിച്ചു. ടെയോട്ട വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ കൂടുതൽ എളുപ്പവും സൗകര്യപ്രദവുമാക്കുന്നതാണ് ധാരണപത്രം. ഇതുവഴി ഉപഭോക്താക്കൾക്ക് പ്രത്യേകം രൂപകൽപ്പന ചെയ്തിരിക്കുന്ന മെച്ചപ്പെട്ട റീട്ടെയിൽ ഫിനാൻസ് ഓപ്ഷനുകൾ ലഭ്യമാകുമെന്നും കമ്പനി അധികൃതർ അറിയിച്ചു.

# ആർആർ കബേൽ ഒരു കോടി രൂപയുടെ സ്കോളർഷിപ്പ് നൽകും

**കൊച്ചി:** മുൻനിര കേബിൾ നിർമാതാക്കളായ ആർആർ കബേൽ രാജ്യത്തെ ഇലക്ട്രീഷ്യൻമാരുടെ പത്താം ക്ലാസ് പാസായി ഉപരി പഠനത്തിനു തയ്യാറെടുക്കുന്ന മക്കൾക്കായി ഒരു കോടി രൂപയിലേറെ വരുന്ന സ്കോളർഷിപ്പ് പ്രഖ്യാപിച്ചു. ആർആർ കണക്ട് ആപ്പിൽ രജിസ്റ്റർ ചെയ്ത അപേക്ഷകരിൽ ഏറ്റവും മുകളിലുള്ള ആയിരം വിദ്യാർത്ഥികൾക്ക് പതിനായിരം രൂപ വീതം സ്കോളർഷിപ്പ് നൽകും.ആർആർ കബേൽ ഇലക്ട്രീഷ്യൻമാരുടെ സമൂഹത്തിന്റെ ഉന്നമനത്തിനായി എന്നും പ്രതിജ്ഞാബദ്ധരാണെന്ന് ഇതേക്കുറിച്ചു സംസാരിക്കവെ ആർആർ ഗ്ലോബൽ ഡയറക്ടർ കീർത്തി കാബ്ര പറഞ്ഞു.

# മൽസ്യവിഭവങ്ങളുടെ കയറ്റുമതി: ഉയർന്ന ഗുണനിലവാരം ഉറപ്പാക്കണം

**കൊച്ചി:** മീനും മീനുൽപ്പന്നങ്ങളും കയറ്റുമതി ചെയ്യുന്ന വ്യാപാരികൾ അന്താരാഷ്ട്ര മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഉന്നത ഗുണനിലവാരം ഉറപ്പാക്കണമെന്ന് ദേശീയ സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ജഗദിഷ് ഫൊഫാൻഡി പറഞ്ഞു. ഭക്ഷ്യസുരക്ഷയെ കുറിച്ചുള്ള ഇന്ത്യൻ കാഴ്ചപ്പാട് എന്ന വിഷയത്തിൽ കൊച്ചിയിൽ ഐസിഎആർ സിഫ്റ്റ് (ICAR-CIFT) നടത്തിയ ദേശീയ സാങ്കേതിക ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അന്തർദേശീയ വിപണിയിൽ മാത്രമല്ല, ആഭ്യന്തര വിപണിയിലും നിർദിഷ്ട ഗുണനിലവാരം കാത്തുസൂക്ഷിക്കണമെന്ന് ജഗദിഷ് ഫൊഫാൻഡി ആവശ്യപ്പെട്ടു. ആരോഗ്യകരവും സുരക്ഷിതവുമായ ഭക്ഷണം ജനങ്ങൾക്ക് എത്തിക്കുന്നതിൽ എല്ലാവർക്കും തുല്യ ഉത്തരവാദിത്വമാണെന്നും അദ്ദേഹം ഓർമപ്പെടുത്തി. ജൂൺ 7, ലോക ഭക്ഷ്യ സുരക്ഷാ ദിനമായി ആചരിക്കുന്ന ഘട്ടത്തിൽ ഇത്തരത്തിൽ ശിൽപശാല സംഘടിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് ഐസിഎആർസിഫ്റ്റിന്റെ ഡയറക്ടർ ഡോ. ജോർജ് നൈനാൻ പറഞ്ഞു.ഭക്ഷ്യ ഗുണനിലവാരം ജീവൻ രക്ഷിക്കും എന്നതാണ് ഈ വർഷത്തെ പ്രമേയം.ഇക്കാര്യത്തിൽ പൊതുജനങ്ങളെ കൂടുതൽ ബോധവത്കരിക്കാൻ കൂടിയാണ് ശിൽപശാല സംഘടിപ്പിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.കയറ്റുമതി ഉന്നം വെച്ച് കൊണ്ടുള്ള മത്സ്യസംസ്കരണ സ്ഥാപനങ്ങളിൽ വൃത്തിയും ഗുണനിലവാരവും ഉറപ്പാക്കാനായി ബയോസെക്യൂരിറ്റി സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞതായി ഇന്ത്യൻ സീഫുഡ് എക്സ്പോർട്ടേഴ്സ് അസോസിയേഷൻ പ്രാദേശിക പ്രസിഡന്റ് അലക്സ് കെ നൈനാൻ വ്യക്തമാക്കി.സൊസൈറ്റി ഓഫ് ഫിഷറീസ് ടെക്നോളജിസ്റ്റ്സ് ഇൻ ഇന്ത്യ (SOFTI), ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇന്ത്യ (FSSAI), അസോസിയേഷൻ ഓഫ് ഒഫീഷ്യൽ അനലിറ്റികൾ കെമിസ്റ്റ്സിന്റെ (AOAC) ഇന്ത്യൻ വിഭാഗം എന്നിവയുടെയും ആഭിമുഖ്യത്തിലാണ് രണ്ട് ദിവസം നീണ്ടുനിൽക്കുന്ന ശിൽപശാല സംഘടിപ്പിക്കുന്നത്. ഭക്ഷണപദാർത്ഥങ്ങൾ കേടുവരാതെ സൂക്ഷിക്കുന്ന പ്രിസർവേഷൻ, കൂടുതൽ പോഷകങ്ങൾ ഉൾപ്പെടുത്തുന്ന ഫോർട്ടിഫിക്കേഷൻ, ഗുണനിലവാരം മെച്ചപ്പെടുത്തുന്ന വാല്യൂ അഡീഷൻ എന്നീ വിഷയങ്ങൾ ചർച്ചയാകും. ഒപ്പം പുതുതായി രംഗത്ത് വരുന്ന ഭക്ഷണപദാർത്ഥങ്ങൾ, ന്യൂട്രാസ്യൂട്ടിക്കൽസ് എന്നിവയും ചർച്ചയാകും. പ്രധാനമായും ഭക്ഷ്യസുരക്ഷയിൽ വരുന്ന വെല്ലുവിളികളെ എങ്ങനെ നേരിടാം എന്നതിലായിരിക്കും കൂടുതൽ ഊന്നൽ നൽകുക. ഭക്ഷ്യസുരക്ഷാ രംഗത്തെ പ്രമുഖർ നയിക്കുന്ന പ്ലീനറി സെഷനും സ്പോൺസർമാർ നയിക്കുന്ന ടെക്നിക്കൽ സെഷനുമാണ് പ്രധാന ആകർഷണങ്ങൾ. ഇന്ത്യക്കകത്ത് നിന്നും പുറത്തുനിന്നുമുള്ള നാനൂറോളം ശാസ്ത്രജ്ഞർ, വിഷയവിദഗ്ധർ, നയനിർമാതാക്കൾ, വിദ്യാർത്ഥികൾ എന്നിവർ പങ്കെടുക്കുന്നുണ്ട്.ഐസിഎആർസിഫ്റ്റ് പ്രിൻസിപ്പൽ സയന്റിസ്റ്റും ക്വാളിറ്റി അഷ്വറൻസ് വിഭാഗം മേധാവിയുമായ (താത്കാലികം) ഡോ. ഫെമീന ഹസൻ, ഐസിഎആർ മുൻ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ (ഫിഷറീസ്) ഡോ. കെ, ഗോപകുമാർ, കൊച്ചിയിലെ എക്സ്പോർട്ട് ഇൻസ്പെക്ഷൻ ഏജൻസി ജോയിന്റ് ഡയറക്ടർ രവി ശങ്കർ,ഐസിഎആർസിഫ്റ്റ് പ്രിൻസിപ്പൽ സയന്റിസ്റ്റും സോഫ്റ്റി വൈസ്പ്രസിഡന്റുമായ ഡോ. ടിവി ശങ്കർ, എന്നിവർ സംസാരിച്ചു. ഒരേസമയം ഓൺലൈനായും ഓഫ്ലൈനായും നടക്കുന്ന ശിൽപശാല ഇന്ന് സമാപിക്കും.




# കിറ്റ്സിൽ എം.ബി.എ: അപേക്ഷിക്കാം

**കൊച്ചി:** സംസ്ഥാന ടൂറിസം വകുപ്പിന്റെ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടായ കിറ്റ്സിൽ എം.ബി.എ. (ട്രാവൽ ആൻഡ് ടൂറിസം) 2023 –25 ബാച്ചിൽ ഒഴിവുള്ള സീറ്റിലേക്ക് ഓൺലൈനായി അപേക്ഷിക്കാം. അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഏതെങ്കിലും വിഷയത്തിൽ 50 ശതമാനം മാർക്കോടെ ഡിഗ്രിയും KMAT/CMAT/CAT യോഗ്യതയും ഉള്ളവർക്കും അവസാന വർഷ ഡിഗ്രി വിദ്യാർത്ഥികൾക്കും www.kittsedu.org വഴി അപേക്ഷിക്കാം.കേരള സർവ്വകലാശാലയുടേയും, എ.ഐ.സി.റ്റി.ഇ.യുടേയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവത്സര കോഴ്സിൽ, ട്രാവൽ, ടൂർ ഓപ്പറേഷൻ, ഹോസ്പിറ്റാലിറ്റി, എയർപോർട്ട് മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ സ്പെഷ്യലൈസേഷനും ജർമ്മൻ, ഫ്രഞ്ച് ഭാഷകൾ പഠിക്കാനും അവസരമുണ്ട്. വിജയിക്കുന്നവർക്ക് 100% പ്ലേസ്മെന്റ് അസിസ്റ്റന്റ്സ് നൽകുന്നു. SC/ST വിദ്യാർഥികൾക്ക് സർക്കാർ അനുവദിച്ച സംവരണവും ആനുകൂല്യങ്ങളും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക്: www.kittsedu.org, 9446529467/ 9847273135/ 04712327707.

# സൂച്ച് റെഡ് ഡോട്ട് സെയിൽ പ്രഖ്യാപിച്ചു

**കൊച്ചി:** ഇന്ത്യയിലെ ഏറ്റവും വലിയ ഒക്കേഷൻ ആൻഡ് ഈവനിങ് വെയർ ബ്രാൻഡായ സൂച്ച്, റെഡ് ഡോട്ട് സെയിൽ പ്രഖ്യാപിച്ചു. 2023 ജൂൺ 8 മുതൽ തുടങ്ങുന്ന പ്രത്യേക വിൽപനയിൽ, ഉപഭോക്താക്കളുടെ സ്റ്റൈൽ വർധിപ്പിക്കാൻ വിവിധ തരം വസ്ത്രങ്ങളാണ് സൂച്ച് ഒരുക്കിയിരിക്കുന്നതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.50 ശതമാനം വരെ കിഴിവോടെ, രാജ്യത്തുടനീളമുള്ള സൂച്ച് സ്റ്റോറുകളിലും ഓൺലൈനിലും റെഡ് ഡോട്ട് വിൽപന ഉപഭോക്താക്കൾക്ക് ആസ്വദിക്കാം. സ്റ്റൈലിഷ് സ്റ്റേറ്റ്മെന്റ് നടത്താൻ എത്നിക് വസ്ത്രങ്ങൾ തിരയുന്നവരെയും, സമ്മർ വാർഡ്രോബ് പുതുക്കാനുള്ള ട്രെൻഡി വസ്ത്രങ്ങൾ തിരയുന്നവരെയും സൂച്ച് റെഡ് ഡോട്ട് സെയിൽ ഒരുപോലെ തൃപ്തിപ്പെടുത്തും. ഉപഭോക്താക്കൾക്ക് ആകർഷകമായ ഡീലുകൾ എക്സ്പ്ലോർ ചെയ്യാൻ ഈ വിൽപനയിലൂടെ സാധിക്കുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി. വിവിധ മോഡലുകളിലുള്ള സാരികൾ, സൽവാർ സ്യൂട്ടുകൾ, കുർത്തകൾ, കുർത്ത സെറ്റുകൾ, ഡ്രസ് മെറ്റീരിയൽസ്, ട്യൂണിക്സ്, കഫ്താൻ എന്നിവയിൽ വിപുലമായ ശ്രേണിയാണ് റെഡ് ഡോട്ട് സെയിൽ വാഗ്ദാനം ചെയ്യുന്നത്.കോട്ടൺ മുതൽ കോട്ടൺ സിൽക്ക്, സിൽക്ക് ബ്ലെൻഡ്, ജോർജറ്റ് എന്നിവ വരെ പ്രത്യേക വിൽപനയുടെ ശേഖരത്തിലുണ്ട്. പാസ്റ്റലുകൾ മുതൽ ചടുലമായ ഷേഡുകൾ വരെയുള്ള വൈവിധ്യമാർന്ന നിറങ്ങളും റെഡ് ഡോട്ട് സെയിലൂടെ സ്വന്തമാക്കാം. കുറഞ്ഞ വിലയും സമാനതകളില്ലാത്ത ഗുണനിലവാരവുമുള്ള റെഡ് ഡോട്ട് സെയിൽ, സൂച്ചിന്റെ മനോഹരമായ എത്നിക് വസ്ത്രങ്ങൾ അവിശ്വസനീയമായ മൂല്യത്തിൽ സ്വന്തമാക്കാനും ഉപഭോക്താക്കളെ അനുവദിക്കും. 798 രൂപ മുതൽ റെഡ് ഡോട്ട് സെയിലിൽ വസ്ത്രങ്ങൾ വാങ്ങാം. ഇകൊമേഴ്സ് പോർട്ടലുകൾക്ക് പുറമേ, തിരഞ്ഞെടുത്ത റിലയൻസ് സെൻട്രോ സ്റ്റോറുകളിലും, സൂച്ചിന്റെ വെബ്സൈറ്റായ soch.com വഴി ഓൺലൈനായും വിൽപനയുണ്ട്. 16 വർഷമായി സൂച്ചിന് രാജ്യത്ത് റീട്ടെയിൽ സാന്നിധ്യമുണ്ട്, നിലവിൽ ബ്രാൻഡിന് 60 നഗരങ്ങളിലായി 150ലധികം എക്സ്ക്ലൂസീവ് സ്റ്റോറുകളും ശക്തമായ ഓൺലൈൻ സാന്നിധ്യവും കമ്പനിക്കുണ്ട്.




Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 CERTIFIED | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA: DOOR No.41/1065, RENJESHA BUILDING, OPPO. P.O.C, PADIVATTOM, ERNAKULAM-24, +91 9288022661/62
SHOWROOM-KARNATAKA: No.73, 80FT ROAD, NEAR HOYSALA CIRCLE, KENGERI SATELLITE TOWN, BANGALORE 560060, +91 9778685017/19
SHOWROOM-KERALA: OPPO. ROSY SCHOOL, CRYSTAL CENTRE, CHATHAPURAM, PALAKKAD, KERALA
FACTORY : KERALA: Kairady PO, Palakkad, +91 9288022663